**അടിയന്തരപ്രമേയം**

ഏഷ്യാനെറ്റ് ന്യൂസിന്റെ കൊച്ചി റീജണൽ ഓഫീസിലെ
എസ്.എഫ്.ഐ. ആക്രമണം

മി. സ്പീക്കർ: ഓർഡർ......ഓർഡർ...... ഏഷ്യാനെറ്റ് ന്യൂസിന്റെ കൊച്ചി റീജണൽ ഓഫീസിൽ എസ്.എഫ്.ഐ. പ്രവർത്തകർ അതിക്രമിച്ചുകയറി ജീവനക്കാരെ ഭീഷണിപ്പെടുത്തി ഭീകരാന്തരീക്ഷം സൃഷ്ടിച്ചതുമൂലം സമൂഹത്തിൽ ആശങ്കയുളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാ നടപടികൾ നിർത്തിവയ്ക്കണമെന്ന പ്രമേയം പരിഗണനയ്ക്കെടുക്കണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഏഷ്യാനെറ്റ് ന്യൂസ് ചാനലിൽ 2022 നവംബർ മാസത്തിൽ, പൊതുവിദ്യാലയങ്ങൾ മയക്കുമരുന്നിന്റെ പിടിയിലാണെന്ന് തെറ്റിദ്ധരിപ്പിക്കുംവിധം പ്രായപൂർത്തിയാകാത്ത ഒരു പെൺകുട്ടിയെ സ്കൂൾ യൂണിഫോമിൽ

അവതരിപ്പിച്ചുകൊണ്ട് ഒരു വീഡിയോ സംപ്രേക്ഷണം ചെയ്യുകയുണ്ടായി. 2022 ആഗസ്റ്റ് മാസത്തിൽ മൈനറായ മറ്റൊരു പെൺകുട്ടിയെ ഉപയോഗിച്ച് തയ്യാറാക്കിയ വീഡിയോയിൽ പ്രതിപാദിച്ച കാര്യങ്ങൾ സത്യവിരുദ്ധമാണെന്ന് പോലീസ് അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. പ്രസ്തുത കേസിന് ആസ്പദമായ വീഡിയോയിലെ ഓഡിയോ സംഭാഷണം മറ്റൊരു കുട്ടിയെ ഉപയോഗിച്ച് പുനഃസൃഷ്ടിച്ച് സംപ്രേക്ഷണം ചെയ്തുവെന്നാണ് പുതിയ പരാതിയിൽ പറയുന്നത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. പി. വി. അൻവർ സംസ്ഥാന പോലീസ് മേധാവിയ്ക്ക് നൽകിയ പരാതിയെത്തുടർന്ന് കോഴിക്കോട് വെള്ളയിൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ. 101/2023 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. മേൽച്ചേർത്ത കേസിന് ആസ്പദമായ വീഡിയോ നിർമ്മാണത്തെയും പ്രായപൂർത്തിയാകാത്ത കുട്ടിയെ അതിന് ദുരുപയോഗിച്ചുവെന്നും മറ്റുമുള്ള സംഭവത്തിനെതിരായി സംസ്ഥാനത്തിന്റെ പലഭാഗത്തും പ്രതിഷേധം ഉയർന്നുവരികയുണ്ടായി. എറണാകുളം ജില്ലയിൽ പ്രസ്തുത ചാനലിന്റെ ഓഫീസിലേയ്ക്ക് എസ്.എഫ്.ഐ. പ്രവർത്തകർ ഒരു പ്രതിഷേധ മാർച്ച് നടത്തിയിരുന്നു. എസ്.എഫ്.ഐ. പ്രവർത്തകർ

ഓഫീസിനുള്ളിലേയ്ക്ക് അതിക്രമിച്ച് കയറി ഓഫീസിന്റെ പ്രവർത്തനം തടസ്സപ്പെടുത്തിയെന്ന സ്ഥാപനത്തിന്റെ പരാതിയെത്തുടർന്ന് ഇന്ത്യൻ ശിക്ഷാനിയമത്തിലെ 143, 147, 149, 447, 506 വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 454/2023 ആയി പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും എട്ട് പ്രതികളെ അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തു. കേസിന്റെ തുടരന്വേഷണം നടന്നുവരികയാണ്. ഈ സാഹചര്യത്തിൽ അടിയന്തപ്രാധാന്യമില്ലാത്ത ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കഴിഞ്ഞ വെള്ളിയാഴ്ചയാണ് ഏഷ്യാനെറ്റ് ന്യൂസിന്റെ കൊച്ചി റീജണൽ ഓഫീസിൽ മുപ്പതോളംവരുന്ന എസ്.എഫ്.ഐ. സംഘം അതിക്രമിച്ചുകയറി ആക്രമണം നടത്തിയത്. എസ്.എഫ്.ഐ.-യുടെ ജില്ലാ സെക്രട്ടറി, ജില്ലാ പ്രസിഡന്റ്, ജില്ലാ ജോയിന്റ് സെക്രട്ടറി, എറണാകുളം ഏരിയ സെക്രട്ടറി തുടങ്ങിയ എസ്.എഫ്.ഐ. നേതാക്കന്മാരുടെ നേതൃത്വത്തിൽ തന്നെയാണ് ഇങ്ങനെയൊരു അതിക്രമം ഏഷ്യാനെറ്റ് ന്യൂസിന്റെ റീജണൽ ഓഫീസിൽ നടത്തിയത്. ഇക്കാര്യത്തിൽ എസ്.എഫ്.ഐ.-യുടെ പ്രകോപനമുണ്ടാകാൻ കാരണം ഏഷ്യാനെറ്റ്

സംപ്രേക്ഷണം ചെയ്ത ലഹരി മാഫിയയ്ക്കെതിരെയുള്ള ഒരു വാർത്തയായിരുന്നു. ഈ വിഷയത്തിൽ പ്രതിപക്ഷം നിയമസഭയിൽ അടിയന്തരപ്രമേയം കൊണ്ടുവന്നിരുന്നു. നമ്മുടെ കുഞ്ഞുങ്ങളെ ചതിയിൽപ്പെടുത്താൻ കെണിയൊരുക്കി കാത്തിരിക്കുന്ന ലഹരി മാഫിയയ്ക്കെതിരെ പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തരപ്രമേയത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ പോസിറ്റീവായി എടുക്കുകയും അദ്ദേഹം എല്ലാ സമൂഹത്തിന്റെയും പിന്തുണ അഭ്യർത്ഥിക്കുകയും ചെയ്തു. അതിന്റെ ഭാഗമായി ഏഷ്യാനെറ്റ് ഒരു ക്യാമ്പയിൻ ആരംഭിച്ചു. ആ ക്യാമ്പയിന്റെ ഭാഗമായി സംപ്രേക്ഷണം ചെയ്ത ഒരു വാർത്തയെ സംബന്ധിച്ചാണ് എസ്.എഫ്.ഐ. പ്രകോപിതരായത്. (...ബഹളം....) സ്വാഭാവികമായും ലഹരി മാഫിയയ്ക്കെതിരായി ഒരു വാർത്ത വന്നാൽ അതിൽ വെറളി കൊള്ളേണ്ടത് ലഹരി മാഫിയയാണ്. ഇവിടെ എസ്.എഫ്.ഐ.-ക്കോ സി.പി.ഐ.(എം)-നോ സർക്കാരിനോ എതിരായിട്ടല്ല വാർത്ത വന്നത്. ലഹരി മാഫിയയ്ക്കെതിരായി ഒരു വാർത്ത വന്നപ്പോൾ അതിൽ എസ്.എഫ്.ഐ. പ്രവർത്തകർ പ്രകോപിതരാകുന്നത് എന്തിനാണ്; ഇനി ഇത്തരം വാർത്തകളൊന്നും സംപ്രേക്ഷണം ചെയ്യേണ്ടെന്നും

ക്യാമ്പെയിനുകളൊന്നും വേണ്ടെന്നുമാണോ പറയുന്നത്? (...ബഹളം....)

മി. സ്പീക്കർ: പ്ലീസ് .....പ്ലീസ്..... കണ്ടിന്യൂ.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരാമർശിച്ച ചാനലിനെതിരെയുള്ള പരാതിയിൽ പറയുന്നത് സർക്കാരിനെതിരായ ഗൂഢാലോചനയാണെന്നാണ്. ലഹരി മാഫിയയ്ക്കെതിരെയുള്ള ഒരു വാർത്ത സർക്കാരിനെതിരായ ഗൂഢാലോചനയായി മാറുന്നത് എങ്ങനെയാണെന്ന് എത്രയാലോചിച്ചിട്ടും എനിക്ക് മനസ്സിലാകുന്നില്ല. (...ബഹളം....)

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... പ്ലീസ് കണ്ടിന്യൂ.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഏഷ്യാനെറ്റ് ന്യൂസിന്റെ ഓഫീസിൽ ക്രൈം ബ്രാഞ്ച് കഴിഞ്ഞ ദിവസം റെയ്ഡ് നടത്തി. കഴിഞ്ഞയാഴ്ച ഗുജറാത്ത് കലാപത്തെ സംബന്ധിച്ച് ഒരു ഡോക്യുമെന്ററി സംപ്രേക്ഷണം ചെയ്ത ബി.ബി.സി.-യുടെ ഡൽഹിയിലെയും മുംബൈയിലെയും ഓഫീസുകൾ മോദി ഭരണകൂടം റെയ്ഡ് ചെയ്യുകയുണ്ടായി. അന്ന് സി.പി.ഐ.(എം) പുറപ്പെടുവിച്ച ഒരു പ്രസ്താവന ഇങ്ങനെയാണ്, ' The Communist Party of India (Marxist) condemns the searches conducted by the Income Tax department of the BBC offices in Delhi and Mumbai. This is a blatant

attempt to intimidate and harass the television channel for having telecast the documentary, it is a standard tactic of the Modi government to intimidate the Indian media through raids conducted by the Income Tax department and other agencies. This coercive action will further reinforce internationally the image of the Modi government as an authoritarian regime which seeks to suppress media criticism'. ഈ പ്രസ്താവനയിലെ രണ്ട് വാക്കുകൾ മാറ്റിയാൽ മതി 'മോദി'-യുടെ സ്ഥാനത്ത് 'പിണറായി വിജയൻ' എന്നും, 'ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റ്' എന്ന സ്ഥാനത്ത് 'ക്രൈം ബ്രാഞ്ച്' എന്നും എഴുതിച്ചേർക്കുക. ഈ പ്രസ്താവന അതുപോലെ ബാധകമാണ്. അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി (...ബഹളം....) നടത്തിയ ഒരു പ്രസ്താവനയുണ്ട്. ബി.ബി.സി.-യുടെ ഡൽഹിയിലെയും മുംബൈയിലെയും ഓഫീസുകളിലെ ആദായനികുതി വകുപ്പ് നടപടികളുടെ ഉദ്ദേശ്യശുദ്ധി അങ്ങേയറ്റം സംശയകരമാണ്. (...ബഹളം....) ഗുജറാത്ത് വംശഹത്യയുമായി ബന്ധപ്പെട്ട ബി.ബി.സി. ഡോക്യുമെന്ററിയിൽ ബി.ജെ.പി. ഭരണകൂടം പ്രകോപിതരായിരുന്നുവെന്നെല്ലാം പറഞ്ഞതിനുശേഷം അദ്ദേഹം പറയുന്നു,

മാധ്യമ സ്വാതന്ത്ര്യത്തിനുനേരെ ഉണ്ടാകുന്ന ഏതൊരു തെറ്റായ നടപടിയും പ്രതിഷേധാർഹമാണെന്ന്. ഇതിനെ ജനാധിപത്യസമൂഹം ആശങ്കയോടെ കാണണം. അങ്ങ് കഴിഞ്ഞയാഴ്ച പ്രകടിപ്പിച്ച അതേ ആശങ്ക ഇന്ന് ഞങ്ങൾ പ്രകടിപ്പിക്കുമ്പോൾ അങ്ങയുടെ പാർട്ടിയുടെ എം.എൽ.എ.-മാരും മന്ത്രിമാരും അതിനെ തടസ്സപ്പെടുത്തുന്നത് എന്തിനാണ്; അങ്ങ് കഴിഞ്ഞയാഴ്ച ബി.ബി.സി. റെയ്ഡിൽ കാണിച്ച ആശങ്കയല്ലേ ഏഷ്യാനെറ്റിന്റെ റെയ്ഡിൽ ഞങ്ങളും കാണിക്കുന്നത്? ഇവിടെ (...ബഹളം....) മോദിയുടെ ഭരണകൂടവും പിണറായി വിജയന്റെ ഭരണകൂടവും തമ്മിലുള്ള വ്യത്യാസമെന്താണ്? മാധ്യമപ്രവർത്തകനായ വിനോദ് ദുവെയെ അറസ്റ്റ് ചെയ്തു. എ.ഐ.സി.സി. സമ്മേളനത്തിന് പോകുമ്പോൾ എ.ഐ.സി.സി.-യുടെ മീഡിയ സമിതിയുടെ ചെയർമാനായ ശ്രീ. പവൻ ഖേരയെ ഇന്റിഗോ വിമാനത്തിനകത്തുനിന്നും അറസ്റ്റ് ചെയ്തു. ഏഷ്യാനെറ്റിന്റെ എക്സിക്യൂട്ടീവ് എഡിറ്ററായ ശ്രീമതി സിന്ധു സൂര്യകുമാർ ഒരു സർജറി കഴിഞ്ഞ് തിരുവനന്തപുരം കോസ്മോപൊളിറ്റൻ ആശുപത്രിയിൽ കഴിയുകയാണ്. നാളെ രാവിലെ കോഴിക്കോട് പോലീസിന് മുമ്പിൽ ഹാജരാകണമെന്ന് ഇന്നലെ രാത്രി 9.30-ന് അവർക്ക് ഒരു വാട്ട്സ്ആപ്പ് സന്ദേശം ലഭിച്ചു. ഈ നാട്ടിൽ എന്താണ് നടക്കുന്നത്? ഒരു

പോലീസ് ഉദ്യോഗസ്ഥൻ ഫോൺപോലും ചെയ്യുന്നില്ല. സർജറി കഴിഞ്ഞ് ആശുപത്രിയിൽ കഴിയുന്ന ഒരു മാധ്യമ സ്ഥാപനത്തിന്റെ വാർത്താവിഭാഗത്തിന്റെ തലപ്പത്തിരിക്കുന്ന (...ബഹളം....) വനിതാ മാധ്യമപ്രവർത്തകയ്ക്കാണ് രാത്രി 9.30-ന് ഇങ്ങനെയൊരു വാട്ട്സ്ആപ്പ് സന്ദേശം അയയ്ക്കുന്നത്. ശ്രീ. നരേന്ദ്ര മോദിയുടെ ഭരണകൂടവും ശ്രീ. പിണറായി വിജയന്റെ ഭരണകൂടവും തമ്മിൽ ഒരു വ്യത്യാസവുമില്ല. ഒരു മാധ്യമ സ്ഥാപനത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് പരാതിയുണ്ടെങ്കിൽ അത് പരിഹരിക്കാൻ വ്യവസ്ഥാപിതമായ നിരവധി മാർഗ്ഗങ്ങൾ ഈ രാജ്യത്തുണ്ട്. അവർ തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ നിങ്ങൾക്ക് അത് പരിശോധിക്കുകയും ശിക്ഷിക്കുകയും ചെയ്യാം. എന്നാൽ ആ ചുമതല എസ്.എഫ്.ഐ.-ക്കാർക്ക് ആരാണ് നൽകിയത്? എസ്.എഫ്.ഐ.-യ്ക്ക് സെൻസർഷിപ്പിന്റെ ഉത്തരവാദിത്വം ഗവൺമെന്റ് നൽകിയിട്ടുണ്ടോ; ഈ ഗുണ്ടാപ്പടയല്ലേ വയനാടിൽ  ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസിൽ കയറി ആക്രമണം നടത്തിയത്? കെ.എസ്.യു. പ്രവർത്തകർ 'ഒരണ' സമരത്തിലൂടെ നേടിയെടുത്ത അവകാശമാണ് വിദ്യാർത്ഥികളുടെ യാത്രാ കൺസഷൻ. അത്  ഈ സർക്കാർ ഇല്ലാതാക്കുകയാണ്.

മി. സ്പീക്കർ: ഔട്ട് ഓഫ് സിലബസ്സ് പറയാൻ പാടില്ല. പ്ലീസ്.......പ്ലീസ്..... (......ബഹളം......)

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അവിടെ സമരം ചെയ്യാൻ കെ.എസ്.യു. ഉള്ളപ്പോൾ എസ്.എഫ്.ഐ. ഭരണപാർട്ടിക്കുവേണ്ടി ഗുണ്ടാപ്പണി ചെയ്യുകയാണ്. സെക്രട്ടേറിയറ്റിൽ മാധ്യമനിയന്ത്രണം, മാധ്യമ സ്ഥാപനങ്ങളിൽ റെയ്ഡ്. (......ബഹളം......)

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം നൽകിയ നോട്ടീസിലുള്ളതും പറയുന്നതും തമ്മിൽ ഒരു ബന്ധവുമില്ല. അങ്ങ് ഔട്ട് ഓഫ് സിലബസ്സാണ് അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്. (......ബഹളം......) പ്ലീസ്........പ്ലീസ്..... ശ്രീ. പി. സി. വിഷ്ണുനാഥ് അങ്ങ് സംസാരിക്കൂ.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഏഷ്യാനെറ്റ് ഓഫീസിൽ എസ്.എഫ്.ഐ. ഗുണ്ടായിസം കാണിച്ചതിനാൽ എത്ര ഭീഷണിയുണ്ടായാലും എസ്.എഫ്.ഐ. ഗുണ്ടായിസം കാണിച്ചുവെന്നുതന്നെ പറയും. (.....ബഹളം...) മാധ്യമ നിയന്ത്രണവും മാധ്യമ സ്ഥാപനങ്ങളിലെ റെയ്ഡും നടത്തിയശേഷം പുരപ്പുറത്ത് കയറിനിന്ന് ആവിഷ്കാര സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള സപ്താഹജ്ഞാനയജ്ഞം ബുദ്ധിജീവികളും

സാസ്കാരിക നായകന്മാരും നടത്തുകയാണ്. ഏഷ്യാനെറ്റ് ഓഫീസിലുണ്ടായ അതിക്രമണം ഇവിടെയുള്ള മാധ്യമങ്ങൾക്കുള്ള മുന്നറിയിപ്പാണ്. അതായത് നിങ്ങൾ സർക്കാരിനെതിരെ വാർത്ത കൊടുക്കരുതെന്നും സർക്കാരിന്റെ കൊള്ളരുതായ്മ തുറന്നുകാട്ടരുതെന്നും ജനങ്ങൾക്കുവേണ്ടി ശബ്ദിക്കരുതെന്നും ഭരണകൂടത്തിന്റെ മുമ്പിൽ ഏറാൻമൂളികളായി പഞ്ചപുച്ഛമടക്കി നിൽക്കണമെന്നുമാണ്. നിങ്ങൾക്ക് കഴിയുമെങ്കിൽ 'ശ്രീ. പിണറായി വിജയൻ ഈ സ്ഥാപനത്തിന്റെ ഐശ്വര്യം' എന്ന് ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞതുപോലെ ഒരു ബോർഡ്/സ്റ്റിക്കർ എല്ലാ മധ്യമ സ്ഥാപനത്തിന്റെയും മുമ്പിൽ പതിക്കണം. ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം.

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്.....(...ബഹളം...) അദ്ദേഹം കൺക്ലൂഡ് ചെയ്യാൻ പോകുകയാണ് (.....ബഹളം...). പ്ലീസ്........പ്ലീസ്.....നിങ്ങൾ ശബ്ദമുണ്ടാക്കിയാൽ സമയം നീണ്ടുപോകും.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഏഷ്യാനെറ്റ് ഓഫീസിനുനേരെയുള്ള ആക്രമണം ഒറ്റപ്പെട്ട സംഭവമല്ല. ഏഷ്യാനെറ്റ് അവതാരകൻ ശ്രീ. വിനു വി. ജോണിനെതിരെ ഒരു കേസെടുത്തു. കേസിൽ പറയുന്നത് എന്താണെന്ന് അങ്ങ് കേൾക്കണം. കുറ്റകൃത്യം നടന്ന സമയം രാത്രി എട്ടിനും ഒൻപതിനും

ഇടയിലാണ്. കാരണം, ചാനലിന്റെ ന്യൂസ്അവർ ചർച്ച നടക്കുന്നത് ആ സമയത്താണ്. ആ ചർച്ചയിൽ പരോക്ഷ പരാമർശം/പാസ്സിംഗ് കമന്റ് നടത്തിയപ്പോൾ അദ്ദേഹത്തിനെതിരെ കേസെടുത്തു. എന്നാൽ പോലീസ് അക്കാര്യം അദ്ദേഹത്തെ അറിയിച്ചില്ല. പാസ്പോർട്ട് പുതുക്കാൻ ചെല്ലുമ്പോഴാണ് അദ്ദേഹത്തിനെതിരെ കേസ് നിലനിൽക്കുന്നുവെന്ന് അറിയുന്നത്. സംസ്ഥാനത്ത് നടക്കുന്ന ഒരു ചാനൽ ചർച്ചയിലെ... (....ബഹളം....)

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, (....മൈക്ക് ഓഫ്....)

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബഹുമാനപ്പെട്ട മന്ത്രി ഇരുന്നാൽ മാത്രമേ ഞാൻ സംസാരിക്കുകയുള്ളൂ. (....ബഹളം...)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഇരിക്കണം. അദ്ദേഹത്തിന്റെ ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകും. ശ്രീ. പി. സി. വിഷ്ണുനാഥ്, അങ്ങ് തുടർന്ന് സംസാരിക്കൂ. (.....ബഹളം...).

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ചാനൽ ചർച്ചയിൽ നടത്തുന്ന ഒരു പരോക്ഷ പരാമർശത്തെപ്പോലും ഉൾക്കൊള്ളാൻ കഴിയാത്ത

അസഹിഷ്ണുതയാണ് ഈ നാട് ഭരിക്കുന്നതെങ്കിൽ അതിനെ വകവച്ചുകൊടുക്കാൻ കേരളത്തിലെ ജനങ്ങൾ തയ്യാറല്ല. അതിനെ എതിർക്കുകയും ചെറുക്കുകയും പ്രതിരോധിക്കുകയും ചെയ്യും. ഇവിടത്തെ മാധ്യമ സ്ഥാപനങ്ങളെ മുഴുവൻ ഭീഷണിപ്പെടുത്തി വരുതിയിൽനിർത്തുകയാണ്. കേരളചരിത്രത്തിൽ ഇതുവരെ ഏതെങ്കിലും ഒരു മാധ്യമ സ്ഥാപനത്തിന്റെ അകത്തുകയറി ഇതുപോലൊരു അതിക്രമം നടത്തിയിട്ടില്ല. എസ്.എഫ്.ഐ. അതിക്രമവും ഗുണ്ടായിസവുമാണ് നടത്തിയത്. മുപ്പത്തിനാല് കൊല്ലം പശ്ചിമ ബംഗാളിലും ഇതുതന്നെയാണ് ചെയ്തത്. പാർട്ടിഗുണ്ടകളെ ഭരണമേൽപ്പിച്ചപ്പോൾ സന്ദർശക പാസ്സെടുത്താൽ മാത്രമേ അസംബ്ലിയിൽ കയറാൻ സാധിക്കുമായിരുന്നുള്ളൂ. അതെടുക്കാതെ അസംബ്ലിയിൽ കയറാൻ കഴിയുമായിരുന്നില്ല. പശ്ചിമബംഗാൾ റൂട്ടിലേയ്ക്കാണ് കേരള ഭരണവും പോകുന്നത്. ശ്രീ. പിണറായി വിജയൻ കേരളത്തിലെ സി.പി.ഐ.(എം)-ന്റെ അവസാനത്തെ മുഖ്യമന്ത്രിയായിരിക്കും. അതുകൊണ്ട് ഈ ഭരണകൂടഭീകരത നിയമസഭാ നടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ ആദ്യം പറഞ്ഞതുപോലെ, പ്രത്യേകമായ അടിയന്തര പ്രാധാന്യമുള്ള ഒരു വസ്തുതയും ഇതിലില്ല. പ്രതിപക്ഷത്തിന് എൽ.ഡി.എഫ്. സർക്കാരിനെ ആക്ഷേപിക്കാൻ അവസരംവേണം. പ്രത്യേകിച്ച്, മുഖ്യമന്ത്രി എന്ന നിലയ്ക്ക് എനിക്കെതിരെ പള്ളുപറയാനുള്ള ഒരു അവസരവും വേണം. അതിനുള്ള സന്ദർഭമെന്നനിലയ്ക്ക് ഈ വാർത്ത എടുത്തുവെന്നുമാത്രമേയുള്ളൂ. ഇവിടെ ഏതെങ്കിലും ഘട്ടത്തിൽ മാധ്യമസ്വാതന്ത്ര്യത്തിന് വിലക്കിടുന്ന അല്ലെങ്കിൽ ഏതെങ്കിലും തരത്തിൽ മാധ്യമസ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്ന ഒരു നടപടിയും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്ന് എൽ.ഡി.എഫ്.-നെക്കുറിച്ച് മനസ്സിലാക്കിയ എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ശ്രീ. പി. സി. വിഷ്ണുനാഥ് ഒരു മഹാകാര്യമായി പറഞ്ഞത്, ഏഷ്യനെറ്റിലെ ഒരു മാധ്യമപ്രവർത്തകയ്ക്ക് പോലീസ് നോട്ടീസ് കൊടുത്തുവെന്നുള്ളതാണ്. സാധാരണ പോലീസ് ഒരാൾക്ക് നോട്ടീസ് കൊടുക്കുന്നതിനുമുമ്പ് അവരുടെ ആരോഗ്യ പ്രശ്നങ്ങൾ പരിശോധിക്കാറുണ്ടോ; അവർക്ക് എന്തെങ്കിലും രോഗമുണ്ടോ ഉണ്ടെങ്കിൽ ചികിത്സയിലാണോ തുടങ്ങി ഡോക്ടർ സർട്ടിഫിക്കറ്റ് ഉൾപ്പെടെ വാങ്ങിയിട്ടാണോ പോലീസ്

നോട്ടീസ് കൊടുക്കുന്നത്? നോട്ടീസ് ലഭ്യമാകുമ്പോൾ അവർക്ക് ഹാജരാകാൻ വിഷമമുണ്ടെങ്കിൽ സ്വാഭാവികമായും അത് പോലീസിനെ അറിയിക്കും. അറിയിച്ചതിനുശേഷം അത് അംഗീകരിക്കാത്ത ഒരു അതിക്രമം പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടായാൽ ഈ പറഞ്ഞതിനൊക്കെ ന്യായമുണ്ടാകുമായിരുന്നു. അല്ലാതെ എന്ത് അടിസ്ഥാനത്തിലാണ് ഒരു നോട്ടീസ് കൊടുത്തുവെന്നതിന്റെ പേരിൽ ഇവിടെ ബഹളം വയ്ക്കുന്നത്? എന്നെ ആക്ഷേപിക്കാനുള്ള ഒരു അവസരമായാണ് ഇതിനെ കാണുന്നതെങ്കിൽ നല്ലത്. അതിന്റെ ഭാഗമായാണ് ഇതെല്ലാം നടത്തുന്നതെങ്കിൽ നടത്തുക. നമ്മുടെ മാധ്യമ സ്വാതന്ത്ര്യത്തിന്റെ വിഷയം ഈ പ്രശ്നത്തിൽ ഉൾപ്പെട്ടിട്ടേയില്ല. ക്രിമിനൽ കുറ്റകൃത്യത്തിലേർപ്പെടുന്ന വ്യക്തിക്കെതിരെ നിയമപരമായ നടപടിയെടുക്കുന്നത് ബന്ധപ്പെട്ട വ്യക്തിയുടെ തൊഴിൽ നോക്കിയല്ല. അങ്ങനെ ചെയ്യാൻ നിയമം അനുവദിക്കുന്നുമില്ല. മാധ്യമ പ്രവർത്തനത്തിന്റെ ഭാഗമായി വ്യാജ വീഡിയോ നിർമ്മാണവും അതിന്റെ സംപ്രേക്ഷണവും വരുന്നില്ല. അത് മാധ്യമപ്രവർത്തനത്തിന്റെ ഭാഗമേയല്ല. പ്രായപൂർത്തയാകാത്ത ഒരു പെൺകുട്ടിയെ അവൾ അറിയാതെ അതിൽപ്പെടുത്തുകകൂടി ചെയ്തിട്ട്

മാധ്യമപ്രവർത്തനത്തിന്റെ പരിരക്ഷ വേണമെന്ന് പറയുന്നത് ധീരമായ പത്രപ്രവർത്തനമാണല്ലോ? (….ബഹളം……)

ശ്രീ. എം. വിൻസെന്റ്: സർ, (...മൈക്ക് ഓഫ്….)

ശ്രീ. പിണറായി വിജയൻ: സർ, അത് ശ്രീ. എം. വിൻസെന്റിന് മനസ്സിലായിട്ടില്ലേ? ആ നടപടിയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. (….ബഹളം...) പ്രമേയാവതരകന്റെയും ഇപ്പോൾ അവിടെ ശബ്ദമുയർത്തിയ വ്യക്തിയുടെയും വികാരമല്ല മഹാഭൂരിഭാഗം മാധ്യമപ്രവർത്തകരിലുമുള്ളത്. മാധ്യമപ്രവർത്തകരിൽ മഹാഭൂരിഭാഗവും ഇത്തരം ദുഷിപ്പുകൾ മാധ്യമരംഗത്ത് ഉണ്ടാകരുതെന്ന് ആഗ്രഹിക്കുന്നവരാണ്. കേരളത്തിലെ മാധ്യമപ്രവർത്തകരിൽ മഹാഭൂരിഭാഗവും അങ്ങനെ ചിന്തിക്കുന്നുവെന്നുള്ളത് അഭിമാനകരമായ കാര്യമാണ്. വ്യാജ വീഡിയോ നിർമ്മിക്കുക, അതിനുവേണ്ടി പെൺകുട്ടികളെ ദുരുപയോഗം ചെയ്യുക, ഇതെല്ലാം നടത്തിയശേഷം മാധ്യമ പ്രവർത്തനത്തിന്റേതായ പരിരക്ഷ വേണമെന്ന് വാദിക്കുക. ഒരു ഉദാഹരണം പറയാം. ഏതെങ്കിലും ഒരു വ്യക്തി, മറ്റൊരു വ്യക്തിയെ വാർത്താസംപ്രേക്ഷണ ജോലിക്കിടയിൽ കൊലപ്പെടുത്തിയെന്ന് കരുതുക, അപ്പോൾ അത് മാധ്യമപ്രവർത്തനത്തിന്റെ ഭാഗമായി മാറുമോ?

പറഞ്ഞുപറഞ്ഞ് നമ്മൾ എവിടേയ്ക്കാണ് പോകുന്നത്; മാധ്യമപ്രവർത്തനത്തിന്റെ ഭാഗമായി എന്തെല്ലാമാകാം, അതിൽ നിയതമായ കാര്യങ്ങളില്ലേ; എന്തുമാകാമോ? ഏഷ്യാനെറ്റ് ചാനലിലുണ്ടായ നടപടിയെ ബി.ബി.സി. റെയ്ഡുമായി താരതമ്യപ്പെടുത്തേണ്ടതില്ല. ഇതിന് അതുമായി ഒരു താരതമ്യവുമില്ല. ബി.ബി.സി.-ക്ക് എതിരായ നടപടി ഒരു ഭരണാധികാരിയുടെ വർഗ്ഗീയ കലാപത്തിലെ പങ്ക് വെളിച്ചത്തുകൊണ്ടുവരുന്നതിനായിരുന്നു. ഇവിടെയുണ്ടായ വ്യാജ വീഡിയോ നിർമ്മാണം സർക്കാരിനോ ഭരണാധികാരിക്കോ എതിരെയുള്ള തുറന്നുകാട്ടലല്ല. അതുകൊണ്ടുതന്നെ അതിൽ അധികാരത്തിലുള്ള ആർക്കെങ്കിലും എന്തെങ്കിലും വിരോധമുണ്ടാകേണ്ട കാര്യമില്ല. അത് ഗവൺമെന്റിനെതിരായ വാർത്തയായിട്ടല്ല വരുന്നത്. അതുകൊണ്ടുതന്നെ ഇവിടെ പ്രതികാര നടപടിയെന്നോ വൈര്യനിര്യാതന നടപടിയെന്നോ പറഞ്ഞാൽ വിലപ്പോകില്ല. ആ വ്യാജ വാർത്ത ഏതെങ്കിലും തരത്തിലുള്ള പ്രകോപനവുമുണ്ടാക്കുന്നില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, കേരളത്തിൽ മാത്രമല്ല ലോകത്ത് എവിടെയും സ്ത്രീ പീഡനങ്ങൾ, പോക്സോ കേസുകൾ എന്നിവ റിപ്പോർട്ട്

ചെയ്യപ്പെടുമ്പോൾ ആ റിപ്പോർട്ടിംഗിൽ ആ വ്യക്തിയെ കാണിക്കാറില്ല. മാത്രമല്ല, ലോകത്ത് എവിടെയുള്ള ചാനലാണെങ്കിലും കൃത്യമമായി വീഡിയോ സൃഷ്ടിക്കുകയും അതിന്റെ താഴെ കൃത്രിമമായി നിർമ്മിച്ചതെന്ന് എഴുതിക്കാണിക്കുകയുമാണ് ചെയ്യുന്നത്. ഇതിൽ അങ്ങനെ എഴുതിക്കാണിച്ചിട്ടുണ്ടോയെന്ന് എനിക്ക് അറിയില്ല. അത് വ്യാജ വീഡിയോ ആണെന്നുള്ള പ്രചരണം ശരിയല്ല. അങ്ങനെമാത്രമേ അത് കാണിക്കാൻ കഴിയുകയുള്ളൂ. മയക്കുമരുന്നിനെതിരായുള്ള ക്യാമ്പയിന്റെ ഭാഗമായി ചെയ്ത കാര്യമാണിത്. ആ സദുദ്ദേശ്യത്തെ മാനിച്ചുകൊണ്ട് അങ്ങ് ഇക്കാര്യങ്ങളിൽ ഇടപെടുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇത് അതിരുകവിഞ്ഞ ഒരു ന്യായീകരണമായിപ്പോയി. ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് എന്താണ് അങ്ങനെയൊരു ന്യായീകരണത്തിലേയ്ക്ക് പുറപ്പെട്ടതെന്ന് അറിയില്ല. ഇരയായ ആളുകളുടെ മുഖം നമ്മുടെ മാധ്യമങ്ങൾ കാണിക്കാറില്ലെന്ന് മാത്രമല്ല അവരുടെ ഐഡന്റിറ്റിയും വെളിപ്പെടുത്താറില്ല. അത് സാധാരണയുള്ളതും എപ്പോഴും നടക്കാറുള്ളതുമായ കാര്യമാണ്. അതല്ല ഇവിടെയുണ്ടായിട്ടുള്ളത്, ഇവിടെ വ്യാജ രീതിയിൽ

കാര്യങ്ങൾ സൃഷ്ടിക്കുകയാണ് ചെയ്തിട്ടുള്ളത്. അത് മാധ്യമ ധർമ്മത്തിൽപ്പെട്ടതല്ലെന്നതാണ് നാം കാണേണ്ടത്. ഏഷ്യാനെറ്റിനെ കൂടുതൽ സംരക്ഷിച്ചെടുക്കാനാണ് അങ്ങ് ഉദ്ദേശിക്കുന്നതെങ്കിൽ ഈ വാദം അവരെ കൂടുതൽ കുഴപ്പത്തിലേയ്ക്ക് എത്തിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. ഇവിടെ ഒരു വ്യക്തി ഒരു സംഭവത്തിന്റെ പേരിൽ പരാതിയുമായിവരുന്നു. പരാതി നൽകുകയെന്നുള്ളത് ആ വ്യക്തിയുടെ സ്വാതന്ത്ര്യമാണ്. അങ്ങനെയൊരു പരാതി വന്നാൽ പോലീസ് എന്താണ് ചെയ്യേണ്ടത്? ഇത് മാധ്യമവുമായി ബന്ധപ്പെട്ടതാണ്, അതുകൊണ്ട് ഇതിന് അന്വേഷണം വേണ്ടെന്നുപറഞ്ഞ് ആ പരാതി കീറി കുട്ടയിലിടണോ; അതല്ലല്ലോ അവിടെ നടക്കേണ്ടത്; അതല്ലല്ലോ ഇവിടുത്തെ നിയമ വ്യവസ്ഥ? ഇവിടെ ഭരിക്കുന്നത് യു.ഡി.എഫ്. ഗവൺമെന്റായിരുന്നെങ്കിൽ നിങ്ങൾ എന്താണ് ചെയ്യുക? സർക്കാരിനെതിരായ വാർത്ത നൽകിയതിന്റെ പേരിൽ പ്രതികാര നടപടികളുണ്ടായിട്ടുണ്ട്. അത് ഇവിടെയല്ല, 'ദ വയർ', 'ന്യൂസ് ചെക്ക്' എന്നിവയ്ക്കെതിരെ അദാനി ഗ്രൂപ്പ് ഏറ്റെടുക്കുന്നതിനുമുമ്പുള്ള എൻ.ഡി.ടി.വി.-ക്കെതിരെയുള്ള നടപടികളൊന്നും വാർത്തേതര കാര്യങ്ങൾ മുൻനിർത്തിയല്ല, സർക്കാരിനെതിരെ വാർത്ത നൽകിയതുകൊണ്ടായിരുന്നു.

അന്നൊന്നും ഈ പ്രതിഷേധക്കാരെ കണ്ടിട്ടില്ല. കുറ്റകൃത്യം ചെയ്യുന്നത് മാധ്യമ പ്രവർത്തകരാണെങ്കിൽ നടപടി വേണ്ടെന്ന് പറയുന്നതല്ല ഐ.പി.സി.-യും സിആർ.പി.സി.-യും. മാധ്യമ പ്രവർത്തകരെന്നും അല്ലാത്തവരെന്നും ജനങ്ങളെ ഭരണഘടന രണ്ടായി വേർതിരിച്ച് കാണുന്നില്ല. സ്വതന്ത്രവും നിർഭയവുമായ മാധ്യമ പ്രവർത്തനത്തിന് എല്ലാ പരിരക്ഷയുമുണ്ടാകും. ഈ സർക്കാരിനെതിരെ ചാനലുകളിലായാലും അച്ചടി മാധ്യമങ്ങളിലായാലും എന്തെല്ലാം വിമർശനങ്ങൾ കഴിഞ്ഞ കാലത്ത് ഉയർന്നുവന്നിട്ടുണ്ട്. അതിനെതിരെ എന്തെങ്കിലും നടപടിയുണ്ടായിട്ടുണ്ടോ; ഏതെങ്കിലും തരത്തിലുള്ള പകപോക്കൽ നടപടിയുണ്ടായിട്ടുണ്ടോ? അതുപോലല്ല ഈ പ്രമേയത്തിന് അടിസ്ഥാനമായ കുറ്റകൃത്യം. ഇവിടെ സ്വദേശാഭിമാനി രാമകൃഷ്ണപിള്ള പറഞ്ഞത് നമ്മൾ ഓർക്കണം. "ഈശ്വരൻ തെറ്റ് ചെയ്താലും ഞാൻ അത് റിപ്പോർട്ട് ചെയ്യും" എന്നാണ്. വ്യാജ റിപ്പോർട്ടുകൾ നൽകുന്നവർക്ക് ആ പേര് ഇന്നത്തെക്കാലത്ത് ഉച്ചരിക്കാൻ പോലും അവകാശമില്ല. പെൺകുട്ടികളെവരെ ദുരുപയോഗിച്ച് വ്യാജം സൃഷ്ടിക്കുന്നവരുണ്ടാകുമെന്ന് സ്വപ്നത്തിൽപ്പോലും സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെപ്പോലുള്ളവർ കരുതിയിട്ടുണ്ടാകില്ല. വിദ്യാർത്ഥികളുടെ

പ്രതിഷേധമുണ്ടായിട്ടുണ്ട്. ആ പ്രതിഷേധം നിയമത്തിന്റെ അതിര് ലംഘിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ സ്വാഭാവികമായും അതിനെതിരെ നടപടിയുണ്ടാകും. ഇവിടെ അക്രമമുണ്ടായിട്ടില്ലെന്നും സമാധാനപരമായ പ്രതിഷേധ പ്രകടനം മാത്രമാണ് ഉണ്ടായിട്ടുള്ളതെന്നുമാണ് വ്യാജ വീഡിയോ നിർമ്മിച്ചതായ പരാതി നേരിടുന്ന ചാനലിലെ വിഷ്വലിൽനിന്നുപോലും വ്യക്തമായിട്ടുള്ളത്. അതേസമയം പരാതിക്കുമേൽ നടപടിയുണ്ടായിട്ടുമുണ്ട്. മാധ്യമ സ്വാതന്ത്ര്യമെന്നത് അസത്യമറിയിക്കാനുള്ള സ്വാതന്ത്ര്യമല്ല, മറിച്ച് വായനക്കാരന്റെ സത്യം അറിയാനുള്ള സ്വാതന്ത്ര്യമാണ്. അത് സർക്കാർ പരിരക്ഷിക്കും. മാധ്യമ സ്വാതന്ത്ര്യത്തിൽനിന്ന് ധാർമ്മികത ചോർത്തിക്കളയുന്നതിനെതിരെയാണ് സ്വാഭാവികമായും ഉത്കണ്ഠ പ്രകടിപ്പിക്കേണ്ടത്. എതിരഭിപ്രായം എഴുതുന്ന മാധ്യമങ്ങൾക്കെതിരെ ആക്രമണം നടത്തുന്നത് ഞങ്ങളുടെ രീതിയല്ല, കോൺഗ്രസിന്റെയും ബി.ജെ.പി.-യുടെയും രീതിയാണ്. അടിയന്തരാവസ്ഥയിൽ നടന്ന സെൻസർഷിപ്പ്, കുൽദീപ് നയ്യരെപ്പോലുള്ളവരുടെ അറസ്റ്റ്, അടിയന്തരാവസ്ഥ പ്രഖ്യാപിച്ച ദിവസം ആ വാർത്ത പുറത്തുവരാതിരിക്കാൻ മാധ്യമങ്ങൾക്ക് വൈദ്യുതി നിഷേധിച്ചത് ഇതൊന്നും മറക്കാനാകില്ല.

ഏഴ് വിദേശ റിപ്പോർട്ടർമാരെ രാജ്യത്തുനിന്ന് പുറത്താക്കി, 250 പത്രപ്രവർത്തകരെ ജയിലിലടച്ചു, 54 പേർക്ക് അക്രഡിറ്റേഷൻ നിഷേധിച്ചു, ഭീകര വിരുദ്ധ രീതികൾവരെ പത്രക്കാർക്കെതിരെ പ്രയോഗിച്ചു. ഇതൊക്കെയായിരുന്നു കോൺഗ്രസിന്റെ രീതി. പത്ര സ്ഥാപനങ്ങളിൽ റെയ്ഡ് നടത്തുന്നതും പത്രക്കാരെ ജയിലിലടയ്ക്കുന്നതും പത്രമാരണ നിയമങ്ങളുണ്ടാക്കുന്നതും പത്രങ്ങളെ തങ്ങളുടെ ചങ്ങാത്ത മുതലാളിത്വ കോർപ്പറേറ്റുകളെക്കൊണ്ട് ഏറ്റെടുപ്പിക്കുന്നതും പത്രങ്ങൾക്ക് ന്യൂസ്പ്രിന്റ് ക്വാട്ട വെട്ടിക്കുറയ്ക്കുന്നതും പരസ്യങ്ങൾ നിഷേധിക്കുന്നതും കോൺഗ്രസിന്റെയും ബി.ജെ.പി.-യുടെയും രീതിയാണ്. വാർത്ത ഏജൻസികളെ സമാഹരിച്ച് സംഘ്പരിവാറിന്റെ കീഴിലാക്കുന്നതും പത്ര സ്ഥാപനങ്ങളെ പൂട്ടിക്കുന്നതുമൊക്കെയാണ് ബി.ജെ.പി.-യുടെ രീതി. ഇതൊന്നും എൽ.ഡി.എഫ്.-ന്റേതാണെന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കേണ്ട. എൽ.ഡി.എഫ്. എന്നും എപ്പോഴും മാധ്യമ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയിട്ടുണ്ട്, ഇനിയും പോരാടുകതന്നെ ചെയ്യും. ദേശാഭിമാനി റിപ്പോർട്ടറെ പ്രതിപക്ഷ പത്രസമ്മേളനത്തിൽനിന്നും ഇറക്കിവിട്ടതിൽ ഇവിടെ പ്രതിഷേധമെന്നും കണ്ടില്ല. എവിടെയോ ചില

ഇരട്ടത്താപ്പുകൾ കാണുന്നുണ്ട്. കേന്ദ്ര മന്ത്രി ശ്രീ. അനുരാഗ് ഠാക്കൂർ കോഴിക്കോട് വന്ന് ചില പ്രത്യേക മാധ്യമ സ്ഥാപനങ്ങളുടെ പ്രതിനിധികളെ കണ്ടതുമുതൽ ഇവിടെ ഇടതുപക്ഷ വേട്ട ചില മാധ്യമ സ്ഥാപനങ്ങൾ ശക്തമാക്കിയിരിക്കുകയാണ്. മുമ്പ് ഗുജറാത്തിൽ കണ്ടതുപോലെയുള്ള വ്യാജ വാർത്തകളുടെ നിർമ്മിതിയും പ്രചാരണവുമൊന്നും എൽ.ഡി.എഫ്.-നെ ബാധിക്കുന്ന പ്രശ്നമല്ല. ഇപ്പോൾ ഈ നോട്ടീസിന് ആധാരമായ പ്രശ്നവും ഗവൺമെന്റിനെ ബാധിക്കുന്നതല്ല. ഒരു കുറ്റകൃത്യം നടന്നു, നിയമം അതിന്റെ വഴിയേ പോകുന്നു. കുറ്റകൃത്യത്തെ മാധ്യമ സ്വാതന്ത്ര്യത്തിന്റെ പരിവേഷമണിയിച്ച് ന്യായീകരിക്കാൻ പ്രതിപക്ഷം ശ്രമിക്കുകയാണ്. ജനങ്ങൾക്ക് സത്യം അറിയാം. നിയമം നിയമത്തിന്റെ വഴിക്ക് പോകുകതന്നെ ചെയ്യും. ഇവിടെ നാം ശ്രദ്ധിക്കേണ്ട കാര്യം, വ്യാജ വാർത്തകൾ ധാരാളം വരുന്നതിന്റെ ഭാഗമായി നമ്മുടെ രാജ്യത്തെ പരമോന്നത കോടതിയായ സുപ്രീംകോടതിയുടെ ചീഫ് ജസ്റ്റിസിനുപോലും അതിനെക്കുറിച്ച് പരാമർശിക്കേണ്ടി വന്നിരിക്കുന്നു. ഇവിടെ അദ്ദേഹം പറഞ്ഞ ഭാഗം വേണമെങ്കിൽ ഞാൻ ഉദ്ധരിക്കാം. ചിലപ്പോൾ നിങ്ങളുടെയും കൈയിലുണ്ടാകും അതുകൊണ്ട് ഞാൻ ഉദ്ധരിച്ച് സമയം കളയേണ്ട

ആവശ്യമില്ലെന്നാണ് തോന്നുന്നത്. എങ്കിലും സുപ്രീംകോടതിയുടെ ഉത്തരവിൽ പറഞ്ഞ ഒരു കാര്യം ഇവിടെ പറയാമെന്നാണ് തോന്നുന്നത്. 02-08-2018-ലെ ഉത്തരവിൽ, 'In the interest of the minor girls, we restrain the Electronic Media from telecasting or broad-casting the images of the girls even in a morphed or blurred form. We request the media not to interview the minor girls. This request is being made in the interest of minor girls. News of the events may, of course, be disseminated but the interests of the minor girls should be kept in mind.' ഒരു നിരീക്ഷണം കൂടി 07-08-2018-ൽ സുപ്രീംകോടതി നടത്തുകയുണ്ടായി അത് ഇതാണ് 'We expect the electronic, print and social media to ensure that the photographs of the victims of sexual abuse anywhere should not be displayed either in morphed or blurred form for the safety, mental and physical health of the victims and in public interest.' മാധ്യമ പ്രവർത്തന സ്വാതന്ത്ര്യത്തെ എന്തുവില കൊടുത്തും സംരക്ഷിക്കുമെന്ന നിലപാടുതന്നെയാണ് സർക്കാരിനുള്ളത്. ഇവിടെ സർക്കാരിനെതിരെയുള്ള മാധ്യമ വാർത്തകൾ ഞങ്ങൾക്ക് എത്രയോ

പരിചയമുള്ളതാണ്? എത്രതന്നെ വാർത്തകൾ ഉയർന്നുവന്നാലും ഞങ്ങൾ സാധാരണഗതിയിൽ ഭയചകിതരാകാറില്ല. കാരണം, എത്ര തെറ്റായ വാർത്തകൾ പ്രചരിപ്പിച്ചാലും അതിന്റെ ഭാഗമായി ചർച്ചകൾ സംഘടിപ്പിച്ചാലും ജനങ്ങൾ അവരുടെ സ്വന്തം അനുഭവം അടിസ്ഥാനപ്പെടുത്തിയാണ് വിലയിരുത്തുന്നത്. അതുകൊണ്ടുതന്നെ ഞങ്ങളെക്കുറിച്ച് ജനങ്ങൾ തെറ്റായി ചിന്തിക്കില്ലെന്ന ഉറപ്പ് ഞങ്ങൾക്കുണ്ട്. മയക്കുമരുന്നിനെതിരെ നാട് ഒന്നാകെ പോരാട്ടത്തിൽ ഏർപ്പെടുന്ന ഘട്ടമാണിത്. അതിൽ മാധ്യമങ്ങളും ബഹുജന പ്രസ്ഥാനങ്ങളും ജനങ്ങളൊന്നാകെയും പങ്കാളികളായിട്ടുണ്ട്. ആ പോരാട്ടത്തിൽ പങ്കുചേർന്ന് മയക്കുമരുന്ന് വ്യാപനത്തിനെതിരായ വാർത്താ പരമ്പര സംപ്രേക്ഷണം ചെയ്യുന്നതിൽ നമുക്ക് എല്ലാവർക്കും സന്തോഷമേയുള്ളൂ. അതിൽ ആരും കുണ്ഠിതപ്പെടുകയില്ല. പക്ഷെ അത്തരമൊരു പരമ്പരയിൽ വ്യാജ ദൃശ്യങ്ങളും ചേർത്ത് പ്രായപൂർത്തിയാകാത്ത കുട്ടിയെ തെറ്റായി ചിത്രീകരിച്ച്, അതിനായി ഗൂഢാലോചന നടത്തിയെന്ന പരാതിയാണ് ഉയർന്നുവന്നിരിക്കുന്നത്. ഇവിടെ പരാതിയിൽ പറഞ്ഞ കാര്യങ്ങളുണ്ട്. അതിന്റെ ഉള്ളടക്കത്തിലേയ്ക്ക് ഞാൻ ഇപ്പോൾ പോകുന്നില്ല. പക്ഷെ പരാതി

വന്നാൽ പോലീസ് എന്ത് ചെയ്യണം? അത് വച്ചുകൊണ്ട് അനങ്ങാതിരിക്കാൻ പറ്റില്ല. മയക്കുമരുന്നിനെതിരെ പരമ്പര ചെയ്തതുകൊണ്ടാണ് കേസ്സെടുത്തതെന്നും പോലീസ് തിടുക്കപ്പെട്ട് നടപടിയെടുക്കുന്നതെന്നും പറയുന്നത് വസ്തുതാവിരുദ്ധമാണ്. മയക്കുമരുന്നിനെതിരായ പോരാട്ടത്തിൽ എല്ലാ മാധ്യമങ്ങളും അണിചേർന്നിട്ടുണ്ട്. ശക്തമായ പ്രചരണം ഏറ്റെടുത്തിട്ടുണ്ട്. ആ കൂട്ടത്തിൽ സർക്കാരിനെ അതിനിശിതമായി വിമർശിക്കുന്ന മാധ്യമങ്ങളുമുണ്ട്. അവരൊന്നും തങ്ങളുടെ റിപ്പോർട്ടിംഗിൽ ഇങ്ങനെ ഒരു കുറ്റകൃത്യം നടത്തിയതായി പരാതി ഉയർത്തിയിട്ടില്ല. ഉയർന്നുവന്ന പരാതിയുടെ അടിസ്ഥാനത്തിലാണ് അന്വേഷണം. കുറ്റം ചെയ്തുവെന്ന് സംശയിക്കപ്പെടുന്നവരുടെ വലുപ്പം നോക്കി കേസ് അന്വേഷണത്തിന്റെ വേഗം കുറയ്ക്കണമെന്നാണോ ആഗ്രഹിക്കുന്നത്. നിയമത്തിന് മുന്നിലുള്ള സമത്വവും തുല്യമായ പരിരക്ഷയും നിയമ സംരക്ഷണവും ഉറപ്പുനൽകുന്ന ഭരണഘടനയുള്ള രാജ്യമാണിത്. ഒരാൾക്കും പ്രത്യേക ആനുകൂല്യമോ പ്രത്യേക പരിരക്ഷയോ നൽകുമെന്ന് ആരും പ്രതീക്ഷിക്കേണ്ടതില്ല. ഞാൻ ആവർത്തിച്ചു പറയുകയാണ്, മാധ്യമ വിമർശനങ്ങൾ ഞങ്ങൾ

സാധാരണഗതിയിൽ കേട്ടുകൊണ്ടിരിക്കുന്നതാണ്. വിമർശനങ്ങൾ, സ്വയം വിമർശനങ്ങളിലേയ്ക്കും തിരുത്തലിലേയ്ക്കും നയിക്കുമെന്ന് കരുതുന്നവരാണ് ഞങ്ങൾ. എന്നാൽ വ്യാജ നിർമ്മിതികളുണ്ടായാൽ അതിനെ തടയാൻ നിയമങ്ങളുണ്ട്. ആ നിയമങ്ങളെ വെല്ലുവിളിക്കരുത്. നീതി നടപ്പാക്കുന്നതിന് കൂച്ചുവിലങ്ങിടരുത്. അത്തരം ശ്രമങ്ങൾ ജനവിരുദ്ധമാണ് എന്നത് ഓർക്കേണ്ടതാണ്. ഇവിടെ ബഹുമാനപ്പെട്ട പ്രമേയാവതാരകൻ ഈ സംസ്ഥാനത്ത് ഇപ്പോൾ എൽ.ഡി.എഫ്. സർക്കാർ മാധ്യമങ്ങൾക്ക് എന്തോ കൂച്ചുവിലങ്ങിടാൻ വേണ്ടി ശ്രമം നടത്തുന്നു അതിന് മുഖ്യമന്ത്രിയെന്ന നിലയിൽ എന്റെ പങ്കിനെക്കുറിച്ചൊക്കെ അദ്ദേഹം പറയുകയുണ്ടായി. ഇവിടെ ബി.ബി.സി-യുടെ പഴയ ഒരു പ്രശ്നമില്ലേ, അത് അദ്ദേഹം ഓർമ്മിക്കാതിരിക്കാൻ വഴിയുണ്ടെന്ന് തോന്നുന്നില്ല. ബി.ബി.സി.-യുടെ ഇന്ത്യൻ ചീഫായിരുന്ന Mark Tully-യെ അറസ്റ്റ് ചെയ്ത് പാന്റ് ഊരി ബെൽറ്റുകൊണ്ട് അടിക്കാൻ അന്ന് ആവശ്യപ്പെട്ടത് ആരായിരുന്നു? സഞ്ജയ് ഗാന്ധി ഗുജ്റാളിനോട് ആവശ്യപ്പെട്ടത്. എന്തായിരുന്നു അന്ന് ബി.ബി.സി. ചെയ്ത തെറ്റ്? ജഗ്ജീവൻ റാം-നെ ഇന്ദിരാ ഗാന്ധി സർക്കാർ വീട്ടുതടങ്കലിലാക്കിയെന്ന വാർത്ത റിപ്പോർട്ട് ചെയ്തു.

ബി.ബി.സി.-യുടെ അന്നത്തെ ഇന്ത്യയിലെ തലവനായ Mark Tully തന്റെ From Raj to Rajeev: 40 years of Indian Independence എന്ന പുസ്തകത്തിൽ ഈ കാര്യം പിന്നീട് എഴുതിയപ്പോളാണ് ലോകം ഇത് അറിയുന്നത്. താളത്തിന് തുള്ളാത്തതിന് ഗുജ്റാളിനെ വകുപ്പുമന്ത്രി സ്ഥാനത്തുനിന്ന് പുറത്താക്കാനാണ് ഇന്ദിരാ ഗാന്ധി തയ്യാറായത്. പകരം വി.സി. ശുക്ലയെ അവരോധിച്ചു. അക്കാലത്ത് 'ഇന്ത്യൻ എക്സ്പ്രസ്' പത്രത്തിന്റെ ഗ്രൂപ്പ് ഓഫീസുകളിൽ എത്ര വട്ടം റെയ്ഡ് നടന്നു. വാർത്താ എജൻസികൾ പിടിച്ചെടുത്ത് സർക്കാരിന്റെ നിയന്ത്രണത്തിലാക്കി. ഇതുതന്നെയല്ലേ ഇപ്പോൾ ബി.ജെ.പി. സർക്കാരും തുടരുന്ന പാത. നിങ്ങൾ പി.ടി.ഐ., യു.എൻ.ഐ. എന്നിവയെ ഒന്നിച്ചുചേർത്ത് സമാചാർ എന്ന ഒറ്റ ഏജൻസിയാക്കി, നിയന്ത്രണം പോലീസ് ഓഫീസറായ ശ്രീ. കെ.എൻ. പ്രസാദിന് നൽകി. ഗീബൽസിനെ വെല്ലുന്ന നുണപ്രചാരണമാണ് പിന്നെ നടന്നത്. പത്രം ഓഫീസുകൾ പോലീസ് ഓഫീസർമാരുടെയും സെൻസർമാരുടെയും കേന്ദ്രങ്ങളായി മാറി. ഇപ്പോൾ ദൂരദർശനും ആകാശവാണിക്കും വാർത്ത നൽകാൻ സംഘ്പരിവാർ ഏജൻസിയെ ഏൽപ്പിക്കുന്നു. എന്താണ് രണ്ടും തമ്മിലുള്ള വ്യത്യാസം? ബി.ബി.സി.-

ക്കെതിരെ മോദി സർക്കാർ എടുത്ത നടപടിയും നിങ്ങൾ ചെയ്ത കാര്യങ്ങളും തമ്മിൽ ഒരു വ്യത്യാസവുമില്ല. ഇവിടെ ആ ബി.ബി.സി-യുമായിട്ടാണോ പെൺകുട്ടിയെ വ്യാജ വീഡിയോയിൽ ചിത്രീകരിച്ചതിനെ ബഹുമാന്യനായ പ്രമേയാവതാരകൻ താരതമ്യം ചെയ്തത്. നമ്മുടെ സംസ്ഥാനത്തുവന്ന മാധ്യമ വാർത്തകൾ നിങ്ങൾ നല്ലവണ്ണം ശ്രദ്ധിക്കുന്നുണ്ടാവുമല്ലോ. അതിൽ ഒരു വാർത്ത മുസ്ലീം ലിഗിന്റെ കണ്ണൂർ ജില്ലാ കമ്മിറ്റി നടത്തിയ പ്രസ്താവനയാണ്. അതിൽ ഈ പറയുന്ന ഏഷ്യാനെറ്റ് ന്യൂസ് വ്യാജ വീഡിയോയ്ക്കെതിരെ കടുത്ത വിമർശനം മുസ്ലീം ലീഗ് ജില്ലാ കമ്മിറ്റിക്ക് വേണ്ടി പ്രസിഡന്റ് ശ്രീ. അബ്ദുൽ കരിം ചേലേരി അദ്ദേഹത്തിന്റെ വാർത്താകുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതുപോലെതന്നെ മുസ്ലീം ലീഗിന്റ നേതാവിന്റെ മകന്റെ പ്രസ്താവന വിശദമായി റിപ്പോർട്ടുചെയ്തിട്ടുണ്ട്. 'ഏഷ്യാനെറ്റ് എന്റെ ജീവിതം തകർത്തു, മയക്കുമരുന്ന് കരിയറാക്കിയെന്ന് പ്രചരിപ്പിച്ചുവെന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം നടത്തിയ പ്രസ്താവന ഇതൊന്നും സാധാരണ നിലയ്ക്ക് മാധ്യമ സ്വാതന്ത്ര്യത്തിൽപ്പെട്ടതല്ല. അപ്പോൾ മാധ്യമ സ്വതന്ത്ര്യത്തിന് ഒരുതരത്തിലുള്ള നിയന്ത്രണവുമുണ്ടാവില്ല. വ്യാജ വാർത്തകൾക്ക് സാധാരണഗതിയിലുള്ള നിയമ നടപടി നേരിടേണ്ടതായിട്ട്

വരും. അതുകൊണ്ട് ഇവിടെ നീതി നടപ്പിലാക്കുന്നതിന് തടസ്സം നിൽക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അത് ജനവിരുദ്ധമായ ശ്രമമായി പോകും. നേരത്തെ പറഞ്ഞതുപോലെ സഭ നിർത്തിവെച്ച് ചർച്ച ചെയ്യേണ്ട ഒരാവശ്യവും ഇതിൽ ഉയരുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, മാധ്യമങ്ങൾ തെറ്റ് ചെയ്താൽ അതിനെ വിമർശിക്കാനും അതിനെതിരെ പ്രതിഷേധിക്കാനും അവർ ക്രിമിനൽ കുറ്റം ചെയ്താൽ അതിനെതിരായി കേസ്സെടുക്കാനുമെല്ലാം അവകാശമുണ്ട്. ഈ അവകാശങ്ങൾ മാധ്യമങ്ങളെ വേട്ടയാടാനുള്ള അവസരമായി ഉപയോഗിക്കുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഇവിടത്തെ വിഷയമെന്താണ്? ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞതുപോലെ, സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ലഹരിമരുന്നുകളുടെ ഉപയോഗത്തെക്കുറിച്ച് നിയമസഭയിൽ വരികയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനെതിരായി വലിയൊരു കാമ്പയിൻ

പ്രഖ്യാപിക്കുകയും അതിന് ഞങ്ങൾ പിന്തുണ കൊടുക്കുകയും ചെയ്തതാണ്. അതിന്റെ ഭാഗമായി  വർദ്ധിച്ചുവരുന്ന മയക്കുമരുന്നിന്റെ ഉപയോഗത്തെയും അതുണ്ടാക്കുന്ന സാമൂഹ്യവിപത്തുകളെയും കുറിച്ച് വിവിധ മാധ്യമങ്ങളുടെ വളരെ ഗൗരവതരമായ റിപ്പോർട്ടുകൾ വന്നിട്ടുണ്ട്.  അതിന്റെ ഭാഗമായാണ് ഏഷ്യാനെറ്റ് ഒരു പരമ്പരതന്നെ ചെയ്തത്.  അതിനുമുമ്പ് ആഗസ്റ്റ് മാസത്തിൽ ഇപ്പോൾ വിവാദമായ വാർത്തയിലെ അതേ പെൺകുട്ടിയുടെ  ശബ്ദത്തിൽ ഒരു വാർത്തയുണ്ടായിരുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, അത് വസ്തുതാപരമായി തെറ്റാണ്.

ശ്രീ. വി. ഡി. സതീശൻ: സർ,  ആ വാർത്തയുടെ അടിസ്ഥാനത്തിൽ ആ പെൺകുട്ടിയുടെ പിതാവ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കേസ്സെടുത്ത് അന്വേഷണം നടത്തിയതിന്റെ ചാർജ്ജ് ഷീറ്റ്  സമർപ്പിച്ചിട്ടുണ്ട്. പരമ്പര ചെയ്ത സമയത്ത് ഈ ശബ്ദം വച്ചുകൊണ്ട്  ഇങ്ങനെയൊരു സംഭവംകൂടിയുണ്ടായത് റിപ്പോർട്ട് ചെയ്തു. അതിൽ  മറ്റൊരു പെൺകുട്ടിയുടെ ചിത്രം കാണിച്ചിരുന്നു. ഇതെല്ലാം അവ്യക്തമായ ചിത്രങ്ങളാണ്. നിയമപരമായി ആരും മനസ്സിലാക്കാൻ പാടില്ലാത്ത ചിത്രങ്ങളാണ്. അവർ

മറ്റൊരു വീഡിയോ വച്ചാണ് അത് ചിത്രീകരിച്ചതെങ്കിൽപ്പോലും ആ ചിത്രം വ്യക്തമല്ല. ആ ചിത്രം മാത്രമല്ല ആരുടെയും ചിത്രം വ്യക്തമല്ല. ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞതുപോലെ, അതിന്റെ അടിയിൽ 'ഈ വീഡിയോ യഥാർത്ഥമല്ല' എന്നുവേണമെങ്കിൽ കൊടുക്കാമായിരുന്നു...... ഞാൻ സംസാരിച്ച് പൂർത്തിയാക്കട്ടെ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അര മണിക്കൂറിൽക്കൂടുതൽ സംസാരിച്ചല്ലോ; ഞാൻ എന്റെ പോയിന്റ് പറയുകയല്ലേ? (....ബഹളം......)

മി. സ്പീക്കർ: ബഹുമാനപ്പെട്ട കോങ്ങാട് അംഗം പ്ലീസ്...... പ്ലീസ്.....

ശ്രീ. വി. ഡി. സതീശൻ: സർ, പ്രസംഗിക്കുമ്പോൾ നിങ്ങൾ ഒരു സംഘം നിരന്തരമായി ശല്യപ്പെടുത്തുകയാണ്. ഇത് വളരെ ആസൂത്രിതമായ സംഭവമാണ്. ഇത് നവംബർ മാസത്തിൽ നടന്ന സംഭവമാണ്. പോലീസിൽ പരാതികൊടുത്ത എം.എൽ.എ.-യുടെ 'പണിവരുന്നുണ്ട് അവറാച്ച' എന്നൊരു പോസ്റ്റ് ഫെബ്രുവരി 25-ാം തീയതി വന്നു. ഫെബ്രുവരി അവസാനം മറ്റൊരു വാർത്ത വന്നു. ഈ എം.എൽ.എ. കൊടുത്തതും മാർച്ച് 3-ാം തീയതി സഭയിൽ വരുന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ സ്ക്രീൻ ഷോട്ട് ഫെബ്രുവരി അവസാനം സോഷ്യൽ മീഡിയയിൽ വന്നു. ഇവിടെ

അവതരിപ്പിക്കാൻ പോകുന്ന അടിയന്തരപ്രമേയത്തിന്റെ വിഷയമെന്താണെന്നുള്ളത് ഇവിടെ അവതരിപ്പിക്കുന്നതിനുമുമ്പുതന്നെ വാർത്ത വരുന്നുവെന്നുള്ളത് സംബന്ധിച്ച് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട സ്പീക്കർ പരാമർശിച്ചിരുന്നു. ഇവിടെ മാർച്ച് 3-ാം തീയതി നിയമസഭയിൽ വരുന്ന ചോദ്യത്തിന്റെ സ്ക്രീൻ ഷോട്ട് ഫെബ്രുവരി അവസാനം സോഷ്യൽ മീഡിയയിൽ പ്രചരിപ്പിക്കുന്നു. മാർച്ചിന് 2-ന് കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് സ്വദേശിയായ നിയമ വിദ്യാർത്ഥി ഇ-മെയിൽ മുഖേന പരാതി നൽകി. മാർച്ച് 3-ന് മുഖ്യമന്ത്രി നിയമസഭയിൽ മറുപടി പറഞ്ഞു. അന്നുതന്നെ എം.എൽ.എ. ഡി.ജി.പി.-ക്ക് പരാതി കൊടുത്തു. മാർച്ച് 3-ന് വൈകുന്നേരം ഏഷ്യാനെറ്റ് ഓഫീസിൽ എസ്.എഫ്.ഐ.-യുടെ അതിക്രമം നടക്കുന്നു. മാർച്ച് 4-ന് ഏഷ്യാനെറ്റിനെതിരെ വെള്ളയിൽ പോലീസ് കേസ്സെടുക്കുന്നു. പരാതിക്കാരന്റെ മൊഴിപോലും എടുത്തോയെന്ന് അറിയില്ല. മൊഴിയെടുക്കുന്നതിനുമുമ്പുതന്നെ 5-ാം തീയതി ഏഷ്യാനെറ്റിന്റെ കോഴിക്കോട് ഓഫീസിലെ ജീവനക്കാരെ മുഴുവൻ ബന്ധികളാക്കി വൻപോലീസ് സംഘം നാല് മണിക്കൂർ ഓഫീസ് റെയ്ഡ് ചെയ്തു. ഇതെല്ലാം ഒരു തുടർച്ചയാണ്. ഇന്നുരാവിലെ പോലീസ് സ്റ്റേഷനിലെത്താൻവേണ്ടി

എക്സിക്യൂട്ടീവ് എഡിറ്റർക്ക് ഇന്നലെ രാത്രി വാട്ട്സാപ്പ് സന്ദേശത്തിലൂടെ കൊടുക്കുന്ന സമൻസ് വരെയുള്ള ഒരു പരമ്പരയാണ്. ഇത് വളരെ ആസൂത്രിതമായി ചെയ്ത വിഷയമാണ്. നവംബറിൽ നടന്ന ഒരു സംഭവുമായി ബന്ധപ്പെട്ട്, ഒരു പെൺകുട്ടിയുടെയും ചിത്രം വിഷ്വലിൽ വ്യക്തമാക്കാത്ത ഒരു കാര്യത്തിനുവേണ്ടി, ഏതെങ്കിലുമൊരു പെൺകുട്ടിയുടെ ചിത്രം വ്യക്തമാക്കിക്കൊണ്ട് ആ പെൺകുട്ടിയാണ് ഇത് പറഞ്ഞതെന്നുപറഞ്ഞാൽ അത് പൂർണ്ണമായും വ്യാജവാർത്തയാണ്.

<u>ശ്രീമതി വീണാ ജോർജ്</u>: സർ, വഴങ്ങുമോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ വഴങ്ങുന്നില്ല. ഏഷ്യാനെറ്റിന്റെ ഭാഗത്ത് പ്രക്ഷേപണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ തീർച്ചയായും ആ തെറ്റ് ചൂണ്ടിക്കാണിക്കാനുള്ള അവകാശമുണ്ട്. ഇതൊരു വ്യാജവാർത്തയാണെന്നുപറഞ്ഞ് നിരന്തരമായി ഇതാവർത്തിക്കുകയാണ്. കണ്ണൂരിൽ ഏഷ്യാനെറ്റിനെതിരെ പാർട്ടി തിരിയാനുള്ള കാര്യമെന്താണ്? കണ്ണൂരിലെ നൗഫൽ എന്ന ഏഷ്യാനെറ്റ് റിപ്പോർട്ടറാണ് തില്ലങ്കേരി വാർത്തകൾ മുഴുവൻ കൊടുത്തത്. പയ്യന്നൂരിലെ രക്തസാക്ഷി ഫണ്ട് വെട്ടിപ്പിനെക്കുറിച്ചുള്ള വാർത്ത കൊടുത്തത്

ഏഷ്യാനെറ്റാണ്. അവിടെ ഗുണ്ടകൾ നടത്തുന്ന സ്വർണ്ണ കള്ളക്കടത്തിനെക്കുറിച്ചും സ്വർണ്ണം പൊട്ടിക്കലുമായി പാർട്ടിക്കുള്ള ബന്ധത്തെക്കുറിച്ചും വാർത്ത കൊടുത്തത് ഏഷ്യാനെറ്റിന്റെ ലേഖകനായ നൗഫൽ ആണ്. ഡി.വൈ.എഫ്.ഐ. നേതാവ് ആകാശ് തില്ലങ്കേരിക്ക് ട്രോഫി സമ്മാനിക്കുന്ന വാർത്ത കൊടുത്തതും നൗഫലാണ്. നൗഫൽ ബിൻ യൂസഫ് എന്നാണ് ഈ ഏഷ്യാനെറ്റ് റിപ്പോർട്ടറിന്റെ പേര്. കണ്ണൂരിലെ ജില്ലാ പാർട്ടി സെക്രട്ടറി നൗഫൽ ബിൻ യൂസഫിനെ പരസ്യമായി വിശേഷിപ്പിച്ചത് നൗഫൽ ബിൻ ലാദൻ എന്നാണ്. അങ്ങനെ എഴുതി വച്ചിരിക്കുകയാണ്. പാർട്ടി ജില്ലാ സെക്രട്ടറി നൗഫൽ ബിൻ ലാദൻ എന്ന് സെക്കുലറായ ഒരു മാധ്യമപ്രവർത്തകനെ അധിക്ഷേപിച്ച്, പരസ്യമായി വാർത്തകൊടുത്തിട്ട് പാർട്ടി ബുക്ക് ചെയ്തു. (.....ബഹളം......) അയാളെ വേട്ടായാടാൻ വേണ്ടിയുള്ള ശ്രമമാണ് യഥാർത്ഥത്തിൽ ഇവിടെ നടക്കുന്നത്. ഈ പരാതി എന്താണ്; (.....ബഹളം.....)

<u>ശ്രീമതി വീണാ ജോർജ്</u>: സർ, വഴങ്ങുമോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ വഴങ്ങുന്നില്ലെന്ന് പറഞ്ഞല്ലോ; നിങ്ങളെന്തിനാണ് നിരന്തരം ശല്യപ്പെടുത്തുന്നത്? Iam on my legs, you

have no right to stand up… no you have no right. ഞാൻ വഴങ്ങുന്നില്ല, അങ്ങ് മന്ത്രിയല്ലേ; മന്ത്രിമാർതന്നെ ഇങ്ങനെ ശല്യപ്പെടുത്തുകയാണ്. (......ബഹളം.....)

മി. സ്പീക്കർ: അങ്ങ് അങ്ങോട്ട് നോക്കേണ്ട, ചെയറിനെ അഭിസംബോധന ചെയ്താൽമതി.

ശ്രീ. വി. ഡി. സതീശൻ: സർ, 'കേരളത്തിലെ സർക്കാർ വിദ്യാലയങ്ങളാകെ മയക്കുമരുന്ന് ലോബിയുടെ പിടിയാലാണെന്നും ഇക്കാര്യത്തിൽ പോലീസും എക്സൈസും നിഷ്ക്രിയരാണെന്നും സമൂഹത്തെ തെറ്റിദ്ധരിപ്പിച്ച് സംസ്ഥാനത്തെ സർക്കാർ സ്കൂളുകൾക്ക് അടുത്തകാലത്തുണ്ടായ വലിയ മുന്നേറ്റത്തെ തടയിടുക എന്ന ഗൂഢ ഉദ്ദേശ്യത്തോടെ നിർമ്മിച്ചതാണ് ഈ വീഡിയോ. സർക്കാർ സ്കൂളുകൾ സുരക്ഷിത കേന്ദ്രങ്ങളല്ലെന്ന തോന്നൽ രക്ഷിതാക്കളുടെ മനസ്സിൽ ജനിപ്പിച്ച്, ഭീതിയുണ്ടാക്കി സർക്കാരിനെതിരെ ഏഷ്യാനെറ്റ് ന്യൂസ് സംഘം ക്രിമിനൽ ഗൂഢാലോചന നടത്തിയാണ് ഈ വാർത്ത സൃഷ്ടിച്ചത്. സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം കുറയ്ക്കാനുള്ള ഒരു വാർത്തയാണിത്'എന്നാണ് പരാതിയിൽ പറയുന്നത്. ഏഷ്യാനെറ്റിൽ

മയക്കുമരുന്ന് സംബന്ധിച്ച വാർത്ത വന്നപ്പോൾ എക്സൈസ് വകുപ്പുമന്ത്രിയായ ശ്രീ. എം. ബി. രാജേഷ് പറഞ്ഞത്, ഈ സീരിയൽ വളരെ സ്വാഗതാർഹവും അഭിനന്ദനീയവുമാണ് എന്നാണ്. അദ്ദേഹം പറഞ്ഞത് ശരിയാണ്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഇവിടെ എല്ലാ മാധ്യമങ്ങളും അതുസംബന്ധിച്ച് പരമ്പരകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആ പരമ്പരകളെയെല്ലാം സർക്കാർ സ്വാഗതം ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുകൊണ്ടാണ് ഞാനിത് പറയുന്നത്. പിന്നീട് ഈ വാർത്തയെക്കുറിച്ച് ഞാൻ പ്രത്യേകിച്ചൊന്നും പറഞ്ഞിട്ടില്ലെന്നുമാത്രമല്ല ഞാനത് വ്യക്തമാക്കുകയും ചെയ്തതാണ്. ഈ വാർത്തയെ സംബന്ധിച്ച് വളരെ ഗുരുതരമായ പരാതി ഉയർന്നുവരികയുണ്ടായി. മൊത്തത്തിൽ മാധ്യമങ്ങൾ ഇതുസംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള പരമ്പരകളെ സർക്കാർ സ്വാഗതം ചെയ്തിട്ടുണ്ട്. അതിൽനിന്നും ഒരുകാര്യം വ്യക്തമാണ്. മയക്കുമരുന്ന് പരമ്പരകളെ സംബന്ധിച്ച് സർക്കാരിന് ഒരു എതിരഭിപ്രായവുമില്ലെന്നുള്ളത് വ്യക്തമാണ്. വ്യാജവാർത്തയും വ്യാജ വീഡിയോയുമാണ് ഇവിടത്തെ പ്രശ്നം.

<u>ശ്രീ. വി. ഡി. സതീശൻ</u>: അങ്ങ് പറയേണ്ട കാര്യം തന്നെയാണ്; ഞാൻ അങ്ങയെ കുറ്റപ്പെടുത്തിയല്ല പറഞ്ഞത്. സംസ്ഥാനത്ത് മയക്കുമരുന്നിനെതിരായിട്ടുള്ള ക്യാമ്പയിൻ സർക്കാരും ജനങ്ങളുമെല്ലാം ഏറ്റെടുത്തപ്പോൾ മാധ്യമങ്ങൾ അതിനായി മുന്നോട്ടുവന്നപ്പോൾ അതിനെ സ്വാഗതം ചെയ്യുന്നുവെന്നാണ് അങ്ങ് പറഞ്ഞത്. അത് ശരിയായ നടപടിയാണ്. എന്നാൽ കേരളത്തിലെ സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം കുറയ്ക്കാൻവേണ്ടി സർക്കാർ സ്കൂളുകളെ തകർക്കാൻ വേണ്ടി മന:പൂർവ്വം ഉണ്ടാക്കിയ വീഡിയോ ആണെന്നാണ് ഇതിലെ പരാതി. അടുത്ത പരാതി, പ്രായപൂർത്തിയാകാത്ത വിദ്യാർത്ഥിനിയുടെ വെളിപ്പെടുത്തലായതിനാൽ സംഭവത്തിൽ പോക്സോ ഉൾപ്പെടെയുള്ള വകുപ്പുകൾ ചേർത്ത് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തണമെന്നാണ്. വ്യാജ വാർത്തയാണെങ്കിൽ പോക്സോ കേസുമായി ബന്ധപ്പെട്ട് എങ്ങനെയാണ് അന്വേഷണം നടത്തുന്നത്? ഇത് പരസ്പരവിരുദ്ധമായ പരാതിയാണ്. ഇതിനകത്തെ വിഷയം ഇതല്ല; നേരത്തെ വന്ന ഒരു വാർത്തയാണ് വിഷയം. ആ വാർത്തയുടെ അടിസ്ഥാനത്തിൽ പോലീസ് കേസെടുത്ത് അന്വേഷണം നടത്തി ചാർജ്

ഷീറ്റ് സബ്മിറ്റ് ചെയ്തു. ആ വാർത്ത യാഥാർത്ഥ്യമാണ്. അതിന്റെ അവ്യക്തമായ വീഡിയോ മാത്രമേ കൊടുക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് അവ്യക്തമായ ആ വീഡിയോ കൊടുത്തിട്ടുണ്ട്. അത് യാഥാർത്ഥ്യമല്ല എന്നൊരു ഒരു കുറിപ്പുണ്ടെങ്കിൽ തീരാവുന്ന കാര്യം മാത്രമേയുള്ളൂ. അതിനൊരു വ്യാജ വാർത്ത ചമച്ചു എന്നുപറഞ്ഞ് വാർത്തയുണ്ടാക്കുന്നത് ഒട്ടും ശരിയല്ല. കിട്ടുന്ന അവസരം മാധ്യമങ്ങളെ വേട്ടയാടാൻ ഉപയോഗിക്കുകയാണ്.

ഇതുതന്നെയാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി ചെയ്തതിനെക്കുറിച്ച് ഞങ്ങൾ പറഞ്ഞത്. ബി.ബി.സി. ഒരു റിപ്പോർട്ട് പ്രധാനമന്ത്രി നരേന്ദ്ര മോദിയെക്കുറിച്ച് കൊടുത്തപ്പോൾ അവരെ വേട്ടയാടാൻവേണ്ടി റെയ്ഡ് നടത്തി. അതിനാണ് സി.പി.ഐ(എം) പറഞ്ഞത്, മുഖ്യമന്ത്രി ഫെയ്സ് ബുക്കിലിട്ടത്; നമ്മളെല്ലാവരും അപലപിച്ചത്; നമ്മളെല്ലാവരും ചേർന്ന് അതിനെ എതിർത്തത്. ഗൗരീ ലങ്കേഷിനെ വെടിവച്ച് കൊന്നതും സിദ്ദിഖ് കാപ്പനെ അറസ്റ്റ് ചെയ്ത് ജയിലിലിലാക്കിയതുൾപ്പെടെ രാജ്യവ്യാപകമായി ഈ ഫാസിസ്റ്റ് ഭരണകൂടം നടത്തുന്ന നടപടികൾക്കെതിരായി ഒരുമിച്ച് ശബ്ദമുയർത്തുന്ന ആളുകളല്ലേ നമ്മളെല്ലാവരും. കേരളത്തിൽ അത്തരം ഒരു

നടപടിയെടുക്കുമ്പോൾ വൈരനിര്യാതന ബുദ്ധിയോടുകൂടി മന:പൂർവ്വമായി അവരെ ഉപദ്രവിക്കണമെന്നുള്ള ലക്ഷ്യത്തോടുകൂടി, എസ്.എഫ്.ഐ.- പ്രവർത്തകർ രാഹുൽ ഗാന്ധിയുടെ ഓഫീസ് ആക്രമിച്ച കാര്യം ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ പറഞ്ഞു. രാഹുൽ ഗാന്ധിയെപ്പോലുള്ള ഒരു ദേശീയനേതാവിന്റെ ഓഫീസ് അടിച്ച് തകർത്തതും ഏഷ്യാനെറ്റിന്റെ അകത്തുകയറി ബാനർ കെട്ടി അവരെ അധിക്ഷേപിച്ചതുമൊക്കെ ഇതിന്റെ ഭാഗമാണ്. ശ്രീ. വിനു വി. ജോണിനെതിരായി നിങ്ങൾ കേസെടുത്തു അയാളുടെ വീട്ടിലേയ്ക്ക് മാർച്ച് നടത്തുകയും  വീടിനുമുന്നിൽ പോസ്റ്റർ പതിക്കുകയും ചെയ്തു. ആ പ്രദേശത്ത് മുഴുവൻ വിനു വി. ജോണിനെ അധിക്ഷേപിക്കുന്നതരത്തിലുള്ള പോസ്റ്ററുകൾ പതിക്കുകയും  പ്രചരണങ്ങൾ നടത്തുകയും ചെയ്തു.  അങ്ങനെയാണെങ്കിൽ ഇവിടെ എന്തെല്ലാം നടന്നിട്ടുണ്ട്. ദേശാഭിമാനിയിൽ  ശബരിമല തീർത്ഥാടന കാലത്ത് ഒരു വാർത്ത വന്നു. ആ വാർത്ത ഇങ്ങനെയാണ്, 'ശബരിമല മൂന്നരനൂറ്റാണ്ട് മുൻപ് ദ്രാവിഡ ആരാധനാകേന്ദ്രമായിരുന്നുവെന്നും അവിടെ വൈദിക ചടങ്ങുകളോ അനുഷ്ഠാനങ്ങളോ ഉണ്ടായിരുന്നില്ലെന്ന് വ്യക്തമാക്കുന്ന പന്തളം കൊട്ടാരം രേഖ കണ്ടെത്തി.' കലൂരിലെ ഡോ. മോൻസൻ മാവുങ്കലിന്റെ

സ്വകാര്യശേഖരത്തിലാണ് ഈ രേഖയുള്ളത്. പന്തളം കോവിലകം അധികാരി മകരവിളക്കിനും അനുബന്ധചടങ്ങിനും പണം അനുവദിച്ച് ശബരിമല കോവിലധികാരികൾക്ക് കൊല്ലവർഷം 843-ൽ എഴുതിയ ചെമ്പോല തിട്ടൂരമാണ് ശബരിമലയുടെ പ്രാചീന ചരിത്രത്തിലേയ്ക്ക് വെളിച്ചം വീശുന്നത്. ദേശാഭിമാനിയിൽ വന്ന ചെമ്പോല തിട്ടൂരമാണ് മോൻസൻ മാവുങ്കലിന്റെ ശേഖരത്തിൽ നിന്നുവന്നത്. ഇവിടെ ഞാൻ പ്രസംഗിച്ചപ്പോൾ ബഹളമുണ്ടാക്കിയ വനിത അംഗങ്ങൾ ഒരു കാര്യം അറിയണം. ആന്തൂരിൽ സാജൻ എന്ന ഒരു പ്രവാസി ആത്മഹത്യ ചെയ്തു. അയാളുടെ ഭാര്യയ്ക്കെതിരായി നിങ്ങളുടെ മുഖപത്രമായ ദേശാഭിമാനിയിൽ അവരെ അധിക്ഷേപിച്ചുകൊണ്ട് വാർത്തകൾ വന്നപ്പോൾ, സാജന്റെ ഭാര്യ, ഞാനും എന്റെ മോളുംകൂടി ആത്മഹത്യ ചെയ്യുമെന്ന് മാധ്യമങ്ങളോട് പറഞ്ഞപ്പോഴാണ് നിങ്ങൾ നിർത്തിയത്. നിങ്ങളൊന്നും വലിയ ആളുകളായി പുണ്യാളന്മാരായി മാറല്ലേ; നിങ്ങളെല്ലാം ചെയ്തുവച്ചിരിക്കുന്ന കാര്യങ്ങൾ, മനോരമയുടെ ചീഫ് എഡിറ്ററായിരുന്ന കെ. എം. മാത്യുവിനെതിരായി അദ്ദേഹത്തിന്റെ പേരിൽ ഒരു ലെറ്റർ ഹെഡ് ഉണ്ടാക്കി. ആ ലെറ്റർ ഹെഡിൽ അദ്ദേഹം കത്തയയ്ക്കുന്നതായി വ്യാജരേഖ ചമച്ച

ആളുകളാണ് ദേശാഭിമാനി. നല്ല പാരമ്പര്യമാണ്; എല്ലാം എന്നെക്കൊണ്ട് പറയിപ്പിക്കരുത്. നിങ്ങൾ ചെയ്ത അരഡസൻ കാര്യങ്ങൾ കാര്യങ്ങളെക്കുറിച്ച് സൂചിപ്പിക്കാം. (...... ബഹളം.........) ദേശാഭിമാനി ലേഖകനെ പുറത്തിറക്കിവിട്ടു. എന്റെ പേര് പറഞ്ഞില്ല, ഞാനാണ് പറഞ്ഞതെന്നുള്ള അർത്ഥത്തിലാണ് പറഞ്ഞത്. എനിക്കറിയാം, നേരത്തെ മുഖ്യമന്ത്രി പറഞ്ഞിട്ടുള്ളതാണ്.

വയനാട്ടിലെ രാഹുൽ ഗാന്ധിയുടെ ഓഫീസ് ആക്രമിച്ചതിനെത്തുടർന്ന് അതിന്റെ പിറ്റേദിവസം ഞാൻ അവിടെയെത്തി. ഞങ്ങളുടെ ഡി.സി.സി. ഓഫീസിൽ പത്രസമ്മേളനം നടത്തുമ്പോൾ ദേശാഭിമാനിയുടെ ലേഖകൻ ഒരു ചോദ്യം ചോദിച്ചു. ഞാൻ അതിന് മറുപടി പറഞ്ഞു. അതേ ചോദ്യം അദ്ദേഹം രണ്ടാമതും മൂന്നാമതും ചോദിച്ചപ്പോൾ ഞാൻ വിശദമായി മറുപടി പറഞ്ഞു. വേറൊരു പത്രപ്രവർത്തകനും ചോദിക്കാൻ അവസരമില്ലാത്ത തരത്തിൽ നിരന്തരമായി ഒരേ ചോദ്യം വള്ളിപുള്ളി വ്യത്യാസമില്ലാതെ ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു, 'ഞങ്ങൾ ക്ഷണിച്ചിട്ടാണ് താങ്കൾ ഇവിടെ വന്നിരിക്കുന്നത്. ഞങ്ങൾ പുറത്തുപോകാൻ പറഞ്ഞാൽ പോകേണ്ടിവരും. പക്ഷെ, ഞാൻ അത് ചെയ്യുന്നില്ലെന്ന് പറഞ്ഞു.' മുഖ്യമന്ത്രി പത്രസമ്മേളനം

നടത്തുന്നതുപോലെയല്ല ഞാൻ പത്രസമ്മേളനം നടത്തുന്നത്. അദ്ദേഹം ഒരുമണിക്കൂർ പത്രസമ്മേളനത്തിൽ 50 മിനിറ്റ് അദ്ദേഹം സംസാരിക്കും. അവസാനം മൂന്ന് ചോദ്യം, അതിൽ രണ്ട് ചോദ്യം നേരത്തെ തന്നെ കൈകാര്യം ചെയ്ത് തയ്യാറാക്കിയ കമ്പനി ചോദ്യം, മൂന്നാമത്തെ ചോദ്യത്തിന് ഇഷ്ടമുണ്ടെങ്കിൽ മറുപടി പറയും ഇല്ലെങ്കിൽ പറയില്ല. അതുകഴിഞ്ഞ് 7 മണിയായി എന്നുപറഞ്ഞ് എഴുന്നേറ്റ് പോകും. ഞങ്ങളാരും അങ്ങനെ പത്രസമ്മേളനം നടത്തുന്നവരല്ല. ഒരു യു.ഡി.എഫ്. നേതാവും അങ്ങനെ പത്രസമ്മേളനം നടത്തുന്നവരല്ല. ഇവിടെ ഒരു സംഘം നിരന്തരമായി എന്റെ പ്രസംഗം തടസ്സപ്പെടുത്താൻ ശ്രമിക്കുന്നതുപോലെ (...... ബഹളം.........) എന്റെ പത്രസമ്മേളനം തടസ്സപ്പെടുത്താൻ കൈരളിയിൽ നിന്നും ദേശാഭിമാനിയിൽ നിന്നും 5 പേരെ തുടർച്ചയായി വിടുകയാണ്. വേറൊരു പത്രലേഖകനെക്കൊണ്ടും ചോദ്യം ചോദിപ്പിക്കില്ല. 5 പേർ നിരന്തരമായി ബഹളമുണ്ടാക്കുന്നതുപോലെ, ഇപ്പോൾ അവിടെയിരുന്ന് എന്റെ പ്രസംഗം തടസ്സപ്പെടുത്താൻ എന്റെ ഫ്ലോ കളയാൻ മന:പൂർവ്വമായി തീരുമാനിച്ച ഒരു സംഘത്തെ നിയോഗിച്ചതുപോലെ എന്റെ പത്രസമ്മേളനം തടസ്സപ്പെടുത്താൻ ഒരു സംഘത്തെ നിയോഗിച്ചു. (...... ബഹളം.........) ഇതൊക്കെ കണ്ട്

ഞങ്ങൾ എന്തെങ്കിലും പറയാതെ പോകുമോ? ഞങ്ങൾ പറഞ്ഞിട്ടേ പോകുകയുള്ളൂ. ഇത്തരം വേട്ടയാടലുകൾ നല്ലതല്ല. നമ്മുടെ നാട്ടിൽ എന്ത് തെറ്റ് ചെയ്താലും അത് പരിശോധിക്കാനുള്ള മെക്കാനിസമുണ്ട്; നിയമപരമായി സംവിധാനമുണ്ട്; പ്രസ്സ് കൗൺസിലിൽ പോകാനുള്ള അവകാശമുണ്ട്. ഈ അവകാശങ്ങളൊന്നും ഉപയോഗിക്കാതെ ഈ റെയ്ഡും ബഹളവും ഓഫീസിൽ കയറി അതിക്രമവും എന്തിനാണ്; ഇത് ഭീഷണിപ്പെടുത്തുന്നതാണ്; ഏഷ്യാനെറ്റിനോട് മാത്രമല്ല, എല്ലാവരോടും മര്യാദയ്ക്കിരുന്നോളാൻ പറയുകയാണ്. ഇവിടെ ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഈ മാധ്യമങ്ങളെല്ലാം ഏതെല്ലാം രീതിയിൽ അദ്ദേഹത്തെയും അദ്ദേഹത്തിന്റെ ഗവൺമെന്റിനെയും ആക്ഷേപിച്ചു. പത്രപ്രവർത്തകരെല്ലാം അദ്ദേഹം നടത്തുന്ന പത്രസമ്മേളനത്തിൽ എത്രയോ കഠിനമായ വാക്കുകൾ പറഞ്ഞു. ഞങ്ങളാരും ഇങ്ങനെയല്ല പ്രതികരിച്ചിട്ടുള്ളത്. ഞങ്ങൾ കടക്ക് പുറത്ത് എന്ന് ഒരാളോടും പറഞ്ഞിട്ടില്ല; ഒരാളെയും അധിക്ഷേപിച്ചിട്ടില്ല. എല്ലാ ചോദ്യങ്ങൾക്കും ഞങ്ങൾക്കറിയാവുന്ന ഉത്തരം പറയാൻ ശ്രമിക്കുകയാണ്.

ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രണോയ് റോയിയുടെ കാര്യം

പറഞ്ഞു. പ്രണോയ് റോയ് ഒരു കാര്യം പറഞ്ഞിട്ടുണ്ട്. എനിക്ക് മാധ്യമപ്രവർത്തകരോട് പറയാനുള്ളത് അതാണ്. പ്രണോയ് റോയ് പറഞ്ഞത്, " If you crawl, They will come for you, So stand up" നിങ്ങൾ ഇഴഞ്ഞാൽ നിങ്ങൾ മുട്ടുകുത്തിയാൽ അവർ നിങ്ങളുടെ പിന്നാലെ വരും. അതുകൊണ്ട് എണീറ്റനിന്ന് ചെറുത്തുനിൽക്കണമെന്നാണ് പ്രണോയ് റോയ് പറഞ്ഞത്. പ്രണോയ് റോയിയെ ക്വാട്ട് ചെയ്തുകൊണ്ട് ഞാൻ കേരളത്തിലെ മാധ്യമപ്രവർത്തകരോട് പറയുകയാണ്, " If you crawl, This Government will come after you, So you stand up" അതാണ് ഞങ്ങൾക്ക് പറയാനുള്ളത്. മുഖ്യമന്ത്രിയോട്, നിങ്ങൾക്ക് പേടിയാണ്; നിങ്ങൾക്ക് പ്രതിപക്ഷത്തിനെ പേടിയാണ്; നിങ്ങൾക്ക് വിമർശനങ്ങളെ പേടിയാണ്; നിങ്ങൾക്ക് ചോദ്യങ്ങളെ പേടിയാണ്; നിങ്ങൾക്ക് ആരെങ്കിലും വിരൽ ചൂണ്ടിയാൽ പേടിയാണ്; നിങ്ങൾക്ക് എല്ലാവരെയും ഭയമാണ്. അതുകൊണ്ടാണ് മുൻപ് ഇവിടെ ഞാൻ Bertolt Brecht-നെ ക്വാട്ട് ചെയ്ത് പറഞ്ഞിട്ടുണ്ട്. അദ്ദേഹം ജർമ്മനിയിൽ നിന്ന് രക്ഷപ്പെട്ട് യു.എസ്.-ൽ പോയി. അപ്പോൾ യു.എസ്.-ൽ പോയില്ലെങ്കിൽ ഹിറ്റ്ലറുടെ ഭരണകൂടം അദ്ദേഹത്തെ വധിക്കുമായിരുന്നു. അദ്ദേഹം, ഒരു ജർമ്മൻകാരനെ

യു.എസ്.ൽ വച്ച് കണ്ടപ്പോൾ ചോദിച്ചു, ഇപ്പോഴും നമ്മുടെ രാജ്യം ഭരിക്കുന്നത് ഭയമാണോയെന്നാണ്. ഹിറ്റ്ലറാണോയെന്നല്ല, ഭയമാണോയെന്നാണ് ചോദിക്കുന്നത്. എല്ലാ ഏകാധിപതികളും ഭയന്നാണ് ഭരിക്കുന്നത്. അരക്ഷിതത്വത്തിലാണ് എല്ലാ ഏകാധിപതികളുമിരിക്കുന്നത്. ഒരു സമരമുണ്ടായാൽ വിമർശനമുണ്ടായാൽ പേടിയാണ്. അതുകൊണ്ടാണ് രണ്ട് കുട്ടികൾ കരിങ്കൊടി കാണിക്കുമ്പോൾ ആയിരം പോലീസുകാരുടെ ഇടയിൽ ഓടിയൊളിക്കുന്നത്. Bertolt Brecht പറഞ്ഞതുപോലെ, നിങ്ങളെ ഭരിക്കുന്നത് ഈ ഭരണകൂടത്തെ ഭരിക്കുന്നത് ഭയമാണ്. അതുകൊണ്ട് മാധ്യമങ്ങൾക്കെതിരായി പ്രതിപക്ഷത്തിനെതിരായി അടിയന്തര പ്രമേയത്തിനെതിരായി എല്ലാമുള്ള നിങ്ങളുടെ അസഹിഷ്ണുതയുടെ അടയാളമാണ്. ഈ മാധ്യമപ്രവർത്തനത്തിന് കൂച്ചുവിലങ്ങിടാനും അവരെ അധിക്ഷേപിക്കാനും വേട്ടയാടാനും നടത്തുന്ന ശ്രമങ്ങൾക്കെതിരായി അതിശക്തിയായി പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, സി.പി.ഐ.(എം)-ഉം എൽ.ഡി.എഫ്.-ഉം മാധ്യമ സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും സംരക്ഷകരാണെന്ന് ഇവിടെ പറയുന്നതുകേട്ടാൽ തോന്നും. 1975-ലെ അടിയന്തരാവസ്ഥ കാലത്ത് കോൺഗ്രസ് ചെയ്ത കാര്യങ്ങളെപ്പറ്റി ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിമർശിക്കുകയുണ്ടായി. 48 വർഷങ്ങൾക്കുമുമ്പ് നടന്ന സംഭവങ്ങളല്ലേ നിങ്ങൾ ഇവിടെ ആവർത്തിക്കുന്നത്; നിങ്ങൾ എന്തിനാണ് അത് ആവർത്തിക്കാൻ പോകുന്നത്; മാധ്യമ സ്വാതന്ത്ര്യത്തിനുവേണ്ടി വാദിക്കുന്നവരാണെങ്കിൽ നിങ്ങൾ എന്തിനാണ് ചാനലിൽ (8 മണി മുതൽ 9 മണി വരെ) ഹർത്താലിനെക്കുറിച്ച് നടന്ന ചർച്ചയിൽ അവതാരകൻ 'നിങ്ങളുടെ നേതാക്കളുടെ കുടുംബത്തിൽപ്പെട്ടയാളുകൾക്ക് ഇതുപോലുള്ള അനുഭവങ്ങളുണ്ടായാൽ എന്തായിരിക്കും സ്ഥിതി' എന്ന് ചോദിച്ചപ്പോൾ അദ്ദേഹത്തിനെതിരെ മ്യൂസിയം പോലീസ് സ്റ്റേഷനിൽ കേസ് കൊടുത്തവരല്ലേ നിങ്ങൾ; നിങ്ങൾക്ക് എവിടെയാണ് മാധ്യമ സ്വാതന്ത്ര്യമുള്ളത്; ഇപ്പോൾ ഇവിടെ വാർത്ത വ്യാജമെന്ന് പറയുന്നു. ദേശാഭിമാനി പത്രത്തിൽ വരുന്ന

വാർത്തകളിൽ ഏതിനാണ് സത്യസന്ധതയുള്ളത്? സാങ്കേതികത്വം പറഞ്ഞാണ് നിങ്ങൾ എല്ലാവരെയും പ്രതി ചേർക്കുന്നത്. നിങ്ങളെപ്പറ്റി പുകഴ്ത്തിയാൽ മാധ്യമ അവാർഡ്, നിങ്ങൾക്കെതിരെ തിരിഞ്ഞാൽ കേസ്, അറസ്റ്റ്. അല്ലാതെ വേറെ എന്താണ് ഇവിടെ സംഭവിക്കുന്നത്; ഒരു കാര്യം വ്യക്തമാണ്. നിങ്ങൾ ചലിക്കുന്നത് ആർക്കുവേണ്ടിയാണ്; ശ്രീ. നരേന്ദ്രമോഡിക്കുവേണ്ടിയാണ്. ഇപ്പോൾ ശ്രീ. നരേന്ദ്രമോഡിയെ നിങ്ങളുടെ മുമ്പിൽ വെറ്റില വയ്പ്പിക്കുന്ന സ്ഥിതിയിലേയ്ക്കാണ് എത്തിച്ചിട്ടുള്ളത്. നിങ്ങൾക്ക് പൊളിറ്റിക്കൽ പവറും മണി പവറും ഉണ്ട്. ഇനി നിങ്ങൾക്ക് മീഡിയ പവറാണ് ലഭിക്കാനുള്ളത്. അതിനുവേണ്ടി എല്ലാ പത്രക്കാരെയും നിങ്ങളുടെ വരുതിയിൽ വരുത്തുന്ന നിലപാടാണ് സ്വീകരിക്കുന്നത്. അവിടെ നിങ്ങളുടെ ഇടനിലക്കാരനെ വച്ചാൽ, പറഞ്ഞാൽ ഏറിപ്പോകും. എല്ലാകാര്യത്തിനും, പ്രതിപക്ഷത്തുനിന്ന് ആരെങ്കിലും ഒരാൾ പ്രസംഗിക്കുകയാണെങ്കിലോ പ്രതിപക്ഷനേതാവ് പ്രസംഗിക്കുകയാണെങ്കിലോ എന്തിനാണ് വെറുതെ നിങ്ങളുടെ ഭാഗത്തുനിന്നും നാലഞ്ച് ആളുകൾ കൂകി ഒച്ചയുണ്ടാക്കുന്നത്; മിണ്ടാതിരുന്നാൽ പോരേ? ജനാധിപത്യം, അഭിപ്രായ സ്വാതന്ത്ര്യം, മാധ്യമ

സ്വാതന്ത്ര്യം, നീതി ഇതൊന്നും നിങ്ങൾ പറയണ്ട. നിങ്ങളുടെ വാക്കും കീറ ചാക്കും ഒന്നുപോലെയാണ്. മാധ്യപ്രവർത്തകരെയും പത്രപ്രവർത്തകരെയും നിങ്ങൾ സെക്രട്ടേറിയറ്റിൽ പ്രവേശിപ്പിക്കുന്നുണ്ടോ; നിങ്ങളുടെ മന്ത്രിമാരിൽ ആരെയെങ്കിലും ഒരാളെ, പത്രപ്രവർത്തകർ കാണാനാണെന്ന് പറഞ്ഞ് അനുവാദം ചോദിച്ചാൽ അവരെ വേണ്ടെന്നുപറഞ്ഞ് തിരിച്ചയയ്ക്കുന്ന അവസ്ഥയല്ലേ? എവിടെയാണ് നിങ്ങൾക്ക് മാധ്യമ സ്വാതന്ത്ര്യമുള്ളത്; മാധ്യമ സ്വാതന്ത്ര്യത്തിനുമേൽ കൈകടത്തുന്ന പിണറായി സർക്കാരിന്റെ നടപടിയിലും നിയമം കയ്യിലെടുക്കുന്ന എസ്.എഫ്.ഐ.-യുടെ നടപടിയിലും പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. ബഷീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, മാധ്യമ സ്വാതന്ത്ര്യത്തിന് ഏറ്റവും കൂടുതൽ വില കൽപ്പിക്കുന്ന നാടാണ് നമ്മുടെ കേരളം. മാധ്യമ പ്രവർത്തകർക്കും മാധ്യമ സ്വാതന്ത്ര്യത്തിനുനേരെയും കടന്നാക്രമങ്ങളുണ്ടായ സന്ദർഭങ്ങളിലെല്ലാം കേരളം ഒറ്റക്കെട്ടായി പ്രതിഷേധിച്ച ചരിത്രമാണുള്ളത്. എന്നാൽ രാഷ്ട്രീയ പ്രതികാരത്തിന്റെ സാഹചര്യം മാധ്യമപ്രവർത്തകരുടെ

നേരെയുണ്ടാകുന്നത് നിർഭാഗ്യകരമാണ്. ഏഷ്യാനെറ്റ് പ്രവർത്തകനായ ശ്രീ. വിനു.വി.ജോണിനെതിരായി ഗവൺമെന്റ് എടുത്തിരിക്കുന്ന സമീപനം ഭരണരംഗത്തെ പ്രതികാര രാഷ്ട്രീയമായിട്ടാണ് കാണാൻ സാധിക്കുന്നത്. ഇത് കേരളത്തിന് അപമാനകരമാണ്. ശ്രീ. വിനു. വി.ജോൺ-ന്റെ ഭാഗത്തുനിന്നോ മാധ്യമപ്രവർത്തകരുടെ ഭാഗത്തുനിന്നോ തെറ്റായ നടപടിയുണ്ടായാൽ അതിനെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതും അതിനുവേണ്ടി നീക്കങ്ങൾ നടത്തുന്നതും സ്വാഭാവികമാണ്. നിയമത്തെ ദുർവിനിയോഗം ചെയ്തുകൊണ്ട് തെറ്റായ മാർഗ്ഗങ്ങളിലൂടെ പ്രതികാരത്തിനുവേണ്ടി ശ്രമിക്കുന്നത് ജനാധിപത്യ ഗവൺമെന്റിന് ഭൂഷണമല്ല. ഇത്തരത്തിലുള്ള സാഹചര്യം നമ്മുടെ സംസ്ഥാനത്ത് അവസാനിപ്പിക്കേണ്ടതായിട്ടുണ്ട്.

ഇന്നത്തെ അടിയന്തരപ്രമേയ നോട്ടീസും അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടിയും രണ്ടും രണ്ടായിത്തന്നെ കാണുകയാണ്. എസ്.എഫ്.ഐ-യുടെ നേതൃത്വത്തിൽ ഏഷ്യാനെറ്റ് ഓഫീസിലേയ്ക്ക് നടത്തിയ അതിക്രമവും ഗുണ്ടായിസവും ഉൾപ്പെടെയുള്ള വിഷയങ്ങളാണ് അടിയന്തരപ്രമേയ നോട്ടീസിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ആ

വിഷയത്തെക്കുറിച്ച് കാര്യമായി ഒന്നും പറയാതെ മറ്റു വിഷയങ്ങളിലേയ്ക്ക് പോകുന്നൊരു സാഹചര്യമുണ്ടായതുതന്നെ ഈ അക്രമത്തെ ഗവൺമെന്റ് സംരക്ഷിക്കുന്നുവെന്നതിന്റെ തെറ്റായ സമീപനമാണെന്നുകൂടി ചൂണ്ടിക്കാണിക്കുകയാണ്. ഇതുപോലെ മാധ്യമ സ്വാതന്ത്ര്യത്തിനുനേരെയുള്ള കടന്നുകയറ്റം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നത് അവസാനിപ്പിക്കണം. മാധ്യമ പ്രവർത്തകർക്കും മാധ്യമ ഓഫീസുകൾക്കുനേരെയുള്ള ഗുണ്ടായിസം ഭരണമുന്നണിയുടെ സംരക്ഷണയിൽ നടക്കുന്നത് കേരളത്തിന് അപമാനകരമാണ്. ഇത്തരം സാഹചര്യങ്ങൾ ചർച്ച ചെയ്യുന്നതിന് പ്രതിപക്ഷം നൽകിയ നോട്ടീസ് ചർച്ചയ്ക്കെടുക്കാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭ വിട്ട് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, നിയമ നടപടികളെടുക്കേണ്ട സന്ദർഭങ്ങളിൽ അത് എടുക്കാതെ അക്രമത്തിലേയ്ക്ക് വഴിവയ്ക്കുന്നുവെന്നതാണ് കഴിഞ്ഞ ദിവസം കൊച്ചി ഏഷ്യാനെറ്റ് ഓഫീസിൽ നടന്ന സംഭവം വെളിച്ചം വീശുന്നത്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്

പറഞ്ഞത് അടിവരയിടുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഏതെങ്കിലും തരത്തിലുള്ള തെറ്റുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അതിനെക്കുറിച്ച് അന്വേഷണം നടത്താനുള്ള സംവിധാനം (പോലീസ് വകുപ്പും വിവിധ വകുപ്പുകളും) ഗവൺമെന്റിനുണ്ട്. പക്ഷേ അതിലേയ്ക്കൊന്നും പോകാതെ എസ്.എഫ്.ഐ. പ്രവർത്തകർ മാധ്യമ സ്ഥാപനത്തിലേയ്ക്ക് അതിക്രമിച്ചു കയറി വലിയരീതിയിൽ അഴിഞ്ഞാട്ടം നടത്തിയ സാഹചര്യമുണ്ടായത് എത്ര അപലപനീയമാണ്. മാധ്യമ സ്വാതന്ത്ര്യത്തിനുമേലുള്ള കടന്നുകയറ്റമായി ഇതിനെ കാണേണ്ടതുണ്ട്. മയക്കുമരുന്നുമായി ബന്ധപ്പെട്ടുള്ള വിഷയമാണ് ഇതിനാസ്പദമായ സംഭവം എന്നു പറയുന്നത്. അതുമായി ബന്ധപ്പെട്ട വാർത്തകൾ വിവിധതലങ്ങളിൽ വന്നതാണ്. കേരളത്തിൽ മയക്കുമരുന്നു വ്യാപനം ഇന്നും വർദ്ധിതമായിത്തന്നെ മുന്നോട്ടുപോകുകയാണ്. ഇത് സോഷ്യൽ ക്യാമ്പയിനിലൂടെ അവസാനിപ്പിക്കാൻ കഴിയുന്നൊരു വിഷയമല്ല. ഈ വിഷയം പല ആവർത്തി നിയമസഭയിൽ ചർച്ച ചെയ്തതാണ്. കേരളത്തിൽ മയക്കുമരുന്ന് മാഫിയ വളരെ ശക്തമായിത്തന്നെ മുന്നോട്ടുപോകുന്നു. അതിനെ അടിച്ചമർത്തുവാൻ എക്സൈസ് വകുപ്പിനോ, പോലീസ് വകുപ്പിനോ കഴിയാത്ത സാഹചര്യം നിലവിലുണ്ടെന്നത് പരമ

യാഥാർത്ഥ്യമാണ്. അത് ഏറ്റവുംകൂടുതൽ ടാർഗറ്റ് ചെയ്യുന്നത് നമ്മുടെ കുട്ടികളെയും വിദ്യാർത്ഥികളെയുമാണ്. അത്തരത്തിലുള്ള വിഷയങ്ങൾ മാധ്യമങ്ങൾ ചൂണ്ടിക്കാട്ടുമ്പോൾ അതിന്റെ യാഥാർത്ഥ്യം എന്താണെന്നോ അതിനെ ഉൾക്കൊള്ളുവാനോ അതിൽ വിമർശന വിധേയമായി വരുന്ന കാര്യങ്ങളെ സഹിഷ്ണുതയോടെ മനസ്സിലാക്കാനോ കഴിയാതെ അത്തരത്തിലുള്ള സ്ഥാപനങ്ങൾക്കുനേരെ നടത്തുന്ന അതിക്രമങ്ങൾ വളരെയേറെ അപലപനീയമാണ്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി)

ശ്രീമതി കെ. കെ. രമ: സർ, സംസ്ഥാനത്ത് ലഹരി മാഫിയ വലിയതോതിൽ സ്കൂളുകളിലും കോളേജുകളിലുമൊക്കെ പിടിമുറുക്കുകയാണ്. നമ്മുടെ കൊച്ചു കുട്ടികൾപോലും ലഹരി മാഫിയയുടെ പിടിയിലാകുന്ന സാഹചര്യത്തിനെതിരെയാണ് സംസ്ഥാന സർക്കാർ അതിശക്തമായ പ്രചരണം കൊണ്ടുവന്നത്. അതിന് ഏഷ്യാനെറ്റ് ഉൾപ്പെടെയുള്ള ചാനലുകൾ പിന്തുണ നൽകി കൂടെനിന്നു. അതുമായി ബന്ധപ്പെട്ട് ഞങ്ങളുടെ

മണ്ഡലങ്ങളിൽ വളരെ നന്നായി പരിപാടികൾ നടത്തിയതാണ്. പക്ഷെ അത്തരം പ്രചരണങ്ങളൊക്കെ റദ്ദ് ചെയ്യുന്ന രീതിയിൽ, മാധ്യമ സ്ഥാപനത്തിന് നേരെയുള്ള അക്രമങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇത് ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല. ലഹരി മാഫിയയ്ക്കെതിരെയുള്ള പ്രചരണങ്ങൾ ആരെയാണ് പൊള്ളിക്കുന്നത്; ആർക്കാണ് ഇതിനെതിരായി പ്രശ്നങ്ങളുണ്ടാകുന്നത്; മാഫിയയ്ക്കെതിരെ നടത്തുന്ന പ്രവർത്തനങ്ങൾ ആരെയൊക്കെയോ പൊള്ളിക്കുന്നുണ്ടെന്നതുകൊണ്ടാണ് വളരെ പെട്ടെന്ന് മുൻകൂട്ടി തയ്യാറാക്കിയ തിരക്കഥയുടെ ഭാഗമായി ഇത്തരത്തിലുള്ള അക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. ഇതിനെതിരെ ഒരു കാരണവശാലും പ്രതികരിക്കാതിരിക്കാൻ കഴിയില്ല. ഇതിനെതിരെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്. ഈ വിഷയം ചർച്ച സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി.

സഭ വിട്ട് പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം

സഭയിൽ തിരികെ പ്രവേശിച്ചു.)